കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/364/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 25.08.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പേരാവൂർ ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | പേരാവൂർ ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്. |

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-12,1-13,1-14,1-27,1-29,1-34,1-37,1-38,1-39 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 20.2.2019 മുതൽ 5.3.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.3.2020 മുതൽ 19.3.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ലതവാണി.എൻ.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മനോഹരൻ.എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .ജിജി ജോയ് | 01.04.18മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീ . സത്യൻ .കെ.കെ | 1-4-18 മുതൽ 19.6.2018വരെ |
| | ശ്രീമതി .പ്രീത ചെറുവളത്ത് | 20.6.2018 മുതൽ 31.3.2019 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഡോണ സ്കറിയ | 01/04/18 മുതൽ 31/3/2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | ശ്രീമതി.നിസമോൾ.കെ.എ | 01/4/18 മുതൽ 31/3/2019 വരെ |
| വെറ്റിനറി സർജൻ | ഡോ.മഞ്ചപ്പ | 1/4/18 മുതൽ 30/6/18 വരെ |
| | ഡോ.മഹേഷ.ജി.കെ | 1/7/18 മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഗ്രിഫിൻ സുരേന്ദ്രൻ | 1/4/18 മുതൽ 31/3/2019 വരെ |
| മെഡിക്കൽഓഫീസർ- ആയുർവ്വേദം | ഡോ.ആതിര അശോകൻ | 1/4/18 മുതൽ 31/3/2019വരെ |
| മെഡിക്കൽഓഫീസർ- ഹോമിയോ | ഡോ.ടി.ഗീത | 1/4/18 മുതൽ 31/3/2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. എം.ശ്രീകുമാർ | 1/4/18 മുതൽ 31/3/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ടി.പി.ശശീന്ദ്രൻ | 1/4/18 മുതൽ 31/3/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജോമോൻ പൗലോസ് | 1/4/18 മുതൽ 31/3/19 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ശോഭന .എ.വി | 1/4/18 മുതൽ 31/3/2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിവരണം |
|---|---|---|
| | | ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് നീക്കിയിരിപ്പ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷീക കണക്കിലെ അപാകങ്ങൾ |
| 12 | 1-12 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 13 | 1-13 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – ലേല നിയമാവലികൾ സൂക്ഷിച്ചിട്ടില്ല |
| 14 | 1-14 | ഫാക്ടറീസ് ,ട്രേഡേഴ്സ് , എന്റെർപ്രണർഷിപ്പ് , ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകിയതിലെ അപാകതകൾ |
| 15 | 1-15 | രശീതി ബുക്കുവഴി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം- സുതാര്യത ഉറപ്പ് വരുത്തിയിട്ടില്ല |
| 16 | 1-16 | ബാരൽ വില, ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. |
| 17 | 1-17 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല |
| 18 | 1-18 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്യിട്ടില്ല |
| 19 | 1-19 | ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല. |
| 20 | 1-20 | ഇൻഡെന്റിൽ തിരുത്തൽ വരുത്തി നിറക്കാത്ത ഡീസലിന്റെ വില മാറിയെടുത്തു - ₹2026 നിരാകരണം, ₹9023 തടസ്സം |
| 21 | 1-21 | ഗ്രാമലക്ഷ്മിയിൽ നിന്ന് ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങൽ കൃത്യമായ സ്റ്റോക്കും തുകയുടെ വിനിയോഗ വിവരവും സൂക്ഷിക്കുന്നില്ല.- ₹ 45343 തടസ്സപ്പെടുത്തുന്നു. |
| 22 | 1-22 | വാഹന ഉപയോഗവും പരിപാലനവും - കുറ്റമറ്റരീതിയിൽ നടത്തേണ്ടതാണ് |
| 23 | 1-23 | ആദായനികുതി ത്രൈമാസറിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകിയത് അനുവദനീയമല്ല. |
| 24 | 1-24 | പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല – പിഴയിനത്തിൽ ₹ 38264 ഈടാക്കേണ്ടതാണ്. |
| 25 | 1-25 | പെരുമ്പുന്ന ഗവ: സ്കൂൾ ക്ലാസ്സ് റൂം അഭിവൃദ്ധിപ്പെടുത്തൽ - സർക്കാർ ഉത്തരവ് പാലിക്കാതെയുള്ള പദ്ധതി നിർവഹണം - ചെലവ് തുക ₹189059 തടസ്സപ്പെടുത്തുന്നു |
| | | |

| | | |
|---|---|---|
| 26 | 1-26 | ചെക്ക ഡാമുകൾക്ക് പലകയിടൽ - അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ₹405346 തടസ്സപ്പെടുത്തുന്നു. |
| 27 | 1-27 | കുട്ടിച്ചാത്തൻകണ്ടി അംഗൻവാടി കെട്ടിട നിർമ്മാണം- മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല. - ചെലവ് തുക₹173928 തടസ്സപ്പെടുത്തുന്നു. |
| 28 | 1-28 | റോഡ് കോൺക്രീറ്റിംഗ് -- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- ചെലവ് തുക ₹425488 തടസ്സപ്പെടുത്തുന്നു |
| 29 | 1-29 | വയറിംഗ് പ്രവൃത്തി പൂർത്തിയായ കെട്ടിടങ്ങൾക്ക് - വൈദ്യുതി കണക്ഷൻ ലഭിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. |
| 30 | 1-30 | പൂക്കാലം വരവായ് - പുഷ്പകൃഷി ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതും നിലമൊരുക്കലിന് തനത് ഫണ്ടിൽ നിന്ന് തുക നൽകിയതും 99,720/- രൂപ തടസ്സപ്പെടുത്തുന്നു. |
| 31 | 1-31 | പാടശേഖരസമിതിയ്ക്ക് ഫാം മെഷീനറി ബാങ്ക്- യന്ത്രങ്ങളുടെ പരിപാലനത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല . 2,29,689/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 32 | 1-32 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് എടുത്തതിൽ കുറവ് -2,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 33 | 1-33 | മുട്ടക്കോഴി വിതരണം കോഴിക്കൂടിന് ജില്ലാതലത്തിൽ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക നൽകി- 32,000/- രൂപ തടസ്സപ്പെടുത്തുന്നു |
| 34 | 1-34 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് |
| 35 | 1-35 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - 29440/- രൂപ തടസ്സത്തിൽവെക്കുന്നു |
| 36 | 1-36 | കുടുംബശ്രീ യൂനിറ്റുകൾക്ക് ഹെൽപ് ഡെസ്ക് തുടങ്ങാൻധനസഹായം നൽകൽ - സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ചെലവ് തുക 1,00,000 /- രൂപ തടസ്സത്തിൽവെക്കുന്നു |
| 37 | 1-37 | ലൈഫ് മിഷൻ - പൂർത്തീകരിക്കാത്ത ഭവനങ്ങൾ (ജനറൽ)- ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. |
| 38 | 1-38 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗം - എൽ.എസ്.ജി.ഡിഎഞ്ചിനീയർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നില്ല - ഗുണഭോക്താവിന് മുൻകൂറായി അധിക തുക നൽകുന്നു |
| 39 | 1-39 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 40 | 1-40 | തുല്യത പഠന പരിശീലനത്തിൽ തുടർ വിദ്യാഭ്യാസ കലോത്സവം നടത്തി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 29,000 |

| | | |
|---|---|---|
| | | തടസ്സപ്പെടുത്തുന്നു |
| 41 | 1-41 | എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് |
| 42 | 1-42 | ഗവ എൽ പി സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കൽ - ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ ഹൈസ്കൂളിലേക്ക് ആവശ്യമായത് |
| 43 | 1-43 | സ്കൂളുകളിൽ പത്ര വിതരണം - തുക മുൻകൂറായി നൽകി |
| 44 | 1-44 | മതിപ്പ വില 25,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിച്ചില്ല. |
| 45 | 1-45 | ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കൽ - രേഖകൾ ഹാജരാക്കേണ്ടത് |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (സർചാർജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 46 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 47 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 48 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 49 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 50 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 51 | 4-6 | സ്ഥിര നിക്ഷേപം |
| 52 | 4-7 | ഓഡിറ്റ് റിക്കവറി |
| 53 | 4-8 | സമാഹൃത ഓഡിറ്റ് |
| 54 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക |
| 55 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 56 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 57 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 58 | അനുബന്ധം2-1 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 59 | അനുബന്ധം2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 60 | അനുബന്ധം2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21.3.2018 തീയതിയിലെ 72/18തീരുമാനപ്രകാരം അംഗീകരിച്ചു. 16.02.2019 തീയതിയിലെ 63/19 തീരുമാനം പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 55,38,528.00 | 35,21,648.00 |
| വരവ് | 15,60,98,500.00 | 17,25,02,893.00 |
| ആകെ | 16,16,37,028.00 | 17,60,24,541.00 |
| ചെലവ് | 16,03,22,000.00 | 17,12,29,200.00 |
| നീക്കിയിരിപ്പ് | 13,15,028.00 | 47,95,341.00 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 15.5.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6494478.82 |
| വരവ് | 82031655.00 |
| ആകെ | 88526133.82 |
| ചെലവ് | 71908169.00 |
| നീക്കിയിരിപ്പ് | 16617964.82 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15597187 | 15597187 | 14150894 | 1446293 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1026000 | 1026000 | 630370 | 395630 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2068000 | 2068000 | 1910922 | 157078 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9491000 | 9491000 | 9370514 | 120486 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3488000 | 3488000 | 3012939 | 475061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 9153992 | 9153992 | 4071509 | 5082483 |
| സാക്ഷരത | 102257 | 0 | 102257 | - | 102257 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് — തൊഴിലാളികളുടെ കൂലി | | 34339761 | 34339761 | 34339761 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് — അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1257 | 509310 | 510567 | 508400 | 2167 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 1062208 | 583300 | 1645508 | 993969 | 651539 |
| ടി.എസ്.സി | 1906160 | - | 1906160 | - | 1906160 |
| എം പി ഫണ്ട് | 7035 | 956428 | 963463 | 953454 | 10009 |
| എസ്.എസ്.എ | - | - | - | - | - |
| ദുരിതാശ്വാസനിധി | 6828.04 | 4877.00 | 11705.04 | 903.00 | 2702.04 |
| ഗുണഭോക്തൃ വിഹിതം | 109132 | 169016 | 278148 | 168916 | 109232 |
| സോഷ്യൽ വെൽഫെയർ (ബേബി ഫ്രണ്ടിലി) ടോയ് ലറ്റിന് ലഭിച്ച തുക | | 22000 | 22000 | 0 | 22000 |
| ആശ്രയ | | 754241 | 754241 | 754241 | |
| ഇന്റേണൽ പരിശീലനം എൽ.എസ്.ജി.ഡി | | 30000 | 30000 | 15806 | 14194 |
| കേരളോത്സവം | | 20000 | 20000 | 0 | 20000 |

| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | | 14338 | 25000 | 39338 | 20858 | 18480 |
| ശുചിത്വമിഷൻ | | 90258 | 1520790 | 1611048 | 1294786 | 316262 |
| നിർമ്മൽ | | 5331 | 0 | 55331 | 55331 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 524908 | 1336000 | 1860908 | 1525065 | 335843 |
| | ജില്ലാ പഞ്ചായത്ത് | 141249 | 4072370 | 4213619 | 2062064 | 2151555 |
| ബി ഫണ്ട് | | 0 | 48577280 | 48577280 | 48577280 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | | | | | |

ജനറൽ പർപ്പസ് ഗ്രാന്റ് ₹91,75,337 ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , വരവ് ചെലവ് നീക്കിയിരിപ്പ് ലഭിച്ചിട്ടില്ല. * കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല

.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 8,81,26,483 | 113 | 7 | 5,61,33,489 | 55 | 63.09 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 38,94,053.00 | 23 | 2067652 | 11 | 47.82 |
| കൃഷി ഓഫീസർ | 29,53,090.00 | 8 | 17,83,628.00 | 7 | 87.50 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 30607250 | 16 | 22248459 | 12 | 75 |
| വെറ്ററിനറി സർജ്ജൻ | 6010000 | 6 | 4358766 | 5 | 83.33 |
| | 860000 | 2 | 5,84,961 | 2 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -താലൂക്ക് ഹോസ്പിറ്റൽ | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 100000 | 1 | 100000 | 1 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 480431 | 2 | 479584 | 2 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1433700 | 14 | 1015040 | 13 | 92.85 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 36393149 | 80 | 18795683 | 49 | 61.25 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 3310800 | 5 | 3232698 | 4 | 80 |
| ഹെഡ്മാസ്റ്റർ | 2084010 | 11 | 1467018 | 7 | 63.63 |
| ആകെ | 88126483 | 168 | 56133489 | 113 | |

ആസൂത്രണസമിതി

2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 11.1.2018 നം , 17.3.2018 നം യോഗം ചേർന്നിട്ടുണ്ട്. കുടുംബശ്രീയെ ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾക്ക് മുൻഗണന നൽകുവാനും കാർഷീക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും നിർദ്ദേശം വച്ചിട്ടുണ്ട്. 2018-19 വർഷം കാർഷിക മേഖലയിൽ കുടുംബനിയെ ഉൾപ്പെടുത്തി ഗ്രൂപ്പടിസ്ഥാനത്തിൽ പുഷ്പ കൃഷി, പച്ചക്കറി കൃഷി എന്നിവ നടപ്പിൽ വരുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി –

ബജറ്റ് അംഗീകരിക്കൽ , വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽപോലുള്ള പൊതുവായ നടപടികൾ നികുതി അവലോകനം എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നടത്തിയിട്ടുണ്ട്.

പുതിയ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോപ്ലക്സ് മാസ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിന് പഞ്ചാത്ത് കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്യുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പെൻഷൻ അവലോകനം കൃത്യമായി നടത്തിയിട്ടുണ്ട് . ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ വാട്ടർകിയോസ്കുകൾ സ്ഥാപിച്ച് കുടിവെള്ള

വിതരണം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

ഗ്രാമ സഭ – ഗ്രാമ സഭകൾ മൂന്ന തവണ വീതം കൂടിയിട്ടുണ്ട്. ക്വാറം തികയുന്നതിനാവശ്യമായ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1257 | 509310 | 510567 | 508400 | 2167 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 34339761 | 34339761 | 34339761 | |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 71,760 | 46 |
| കർഷകതൊഴിലാളിപെൻഷൻ | 43,03,500 | 339 |
| വിധവ പെൻഷൻ | 1,02,25,900 | 838 |
| വാർദ്ധക്യകാല പെൻഷൻ | 2,24,72,700 | 1782 |
| ഭിന്നശേഷികാർക്കുള്ള പെൻഷൻ | 37,62,800 | 298 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11,35,300 | 94 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 2,10,000 | 7 |

# 1-8 ക്യാഷ് നീക്കിയിരിപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.3.2020തീയതിയിൽ 11.28 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 2,230 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

2018-19 – ൽ പ്രതി മാസം സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടില്ല. ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് ഈ വർഷം പുറപ്പെടുവിച്ചിട്ടില്ല. വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യാനായി 3.10.2018ൽ ഉത്തരവാക്കിയിട്ടുണ്ട്. എന്നാൽ ആയത് പ്രായോഗികമാക്കിയിട്ടില്ല. ജീവനക്കാർ തൻപതിവേട് കൃത്യമായി എഴുതുന്നില്ല .

ഇൻകുംബെൻസി രജിസ്റ്റർ പൂർണ്ണമല്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ (മെഡിക്കൽ ഓഫീസർ കാര്യാലയം, വെറ്ററിനറിഡിസ്പെൻസറി കാര്യാലയം) വിവരങ്ങൾ പൂർണ്ണമായി എഴുതുന്നില്ല. രജിസ്റ്ററിൽ എല്ലാ കോളങ്ങളും (നിയമിച്ച തീയതി , മുതലായവ ) പൂരിപ്പിക്കുന്നില്ല . ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി സൂക്ഷിക്കുന്നുണ്ട് .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/02/2020മുതൽ 18/2/2020 വരെ | 01/01/2020 മുതൽ 31/01/2020 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/8/2011 മുതൽ 19/08/2011 വരെ | 2008-09 മുതൽ 2010-11വരെ | 04/02/2012 |

## 1-11 വാർഷിക കണക്കിലെ അപാകങ്ങൾ

1.വാർഷിക ധനകാര്യ പത്രിക (RP-36) പ്രകാരമുള്ള ലൈബ്രറി സെസ്സ് കളക്ഷൻ തുക(232373) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കളക്ഷൻ തുകയുമായി (232542)പൊരുത്തപ്പെടുന്നില്ല.

2.ശുചിത്വ മിഷൻ ഗ്രാന്റ് –1,50,000 രൂപയുടെ ചെലവ് (വൗച്ചർ നം 218800247/29/6/2018 ) ഉൾപ്പെടുത്തിയിട്ടില്ല . ആയതിനാൽ ബി4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 1,50,000 രൂപ അധിക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്

3.പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

5.ബി4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ പലിശ വരവ് അതാത് ഹെഡ്ഡിൽ

ഉൾപ്പെടുത്തിയിട്ടില്ല

6.പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല

# 1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തീക വർഷം തൊഴിൽ നികുതി ഒടുക്കാൻബാധ്യസ്ഥരായ പഞ്ചായത്തിന്റെ പരിധിയിലുള്ള ഓഫീസുകൾ, കമ്പനികൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്ന് പിരിച്ചെടുത്ത തൊഴിൽനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 16,00,660/- രൂപയാണ്.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്</u>

ദ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് പേരാവൂർ എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തതിൽ 800 രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു

| തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരന്റെ പേര് | തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരന്റെ 2018-19 ലെ രണ്ടാം അർദ്ധ വർഷത്തിലെ വരുമാനം | തൊഴിൽ നികുതി ചട്ടപ്രകാരം ഒടുക്കേണ്ട നികുതി | ഒടുക്കിയ നികുതി | ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ശ്രീ. വിഷ്ണു.പി.വി അസിസ്റ്റന്റ് | 1,48,530/- | 1250/- | 450/- | 800/- |

2. <u>തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ</u>

പഞ്ചായത്തിൽ സൂക്ഷിച്ച തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ (ജീവനക്കാർ) പ്രകാരം ആകെ 103 സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളത് . എന്നാൽ ഈ 103 സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന 8 സ്ഥാപനങ്ങളിൽ നിന്ന് 2018-19 ൽ തൊഴിൽ നികുതിഡിമാന്റ് ചെയ്യുകയോ റിട്ടേൺ വാങ്ങി നികുതി ഈടാക്കുകയോ, ചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനമ്പർ | 2018-19 വർഷം ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപങ്ങങ്ങൾ | 2018-19 വർഷം രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപങ്ങങ്ങൾ |
|---|---|---|
| 1 | - | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് |

| | | |
|---|---|---|
| | | പേരാവൂർ |
| 2 | പേരാവൂർ ബ്ലോക്ക് മർച്ചന്റ് വെൽഫയർ സൊസൈറ്റി | പേരാവൂർ ബ്ലോക്ക് മർച്ചന്റ് വെൽഫയർ സൊസൈറ്റി |
| 3 | ഹൈ വിഷൻ ചാനൽ പേരാവൂർ | ഹൈ വിഷൻ ചാനൽ പേരാവൂർ |
| 4 | പേരാവൂർ റേഞ്ച് കള്ള് ചെത്ത് വ്യവസായ സഹകരണ സംഘം | പേരാവൂർ റേഞ്ച് കള്ള് ചെത്ത് വ്യവസായ സഹകരണ സംഘം |
| 5 | കള്ള് ഷാപ്പ്, തെറ്റുവഴി | കള്ള് ഷാപ്പ്, തെറ്റുവഴി |
| 6 | കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് പേരാവൂർ | പയ്യൻ ലോട്ടറീസ് പേരാവൂർ |
| 7 | കള്ള് ഷാപ്പ് പേരാവൂർ | - |
| 8 | സൈറസ് ഹോസ്പിറ്റൽ പേരാവൂർ | - |

3 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-19 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | 2018-19 ൽ ഒന്നാം അർദ്ധ വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനം | 2018-19 ൽ രണ്ടാം അർദ്ധ വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനം |
|---|---|---|
| 1 | എസ്.ബി.ഐ പേരാവൂർ ബ്രാഞ്ച് | സിൻഡിക്കേറ്റ് ബാങ്ക് വെള്ളർവള്ളി |
| 2 | ഇരിട്ടി പ്രാഥമീക സഹകരണ കാർഷിക ഗ്രാമ വികസനബാങ്ക്, പേരാവൂർ | ജില്ലാ സഹകരണ ബാങ്ക് പേരാവൂർ |
| 3 | ജില്ലാ സഹകരണ ബാങ്ക് പേരാവൂർ | തുണ്ടിയിൽ സർവ്വീസ് സഹകരണ ബാങ്ക് |
| 4 | ക്ഷീര വ്യവസായ സഹകരണ സംഘം | പേരാവൂർ പഞ്ചായത്ത് വനിതാ കോ.ഓപ്പറേറ്റീവ് |

| | | |
|---|---|---|
| | പേരാവൂർ | സൊസൈറ്റി |
| 5 | പേരാവൂർ കോ.ഓപ്പറേറ്റീവ് അർബൻ ബാങ്ക് | കെ.എസ്.എഫ് .ഇ ,പേരാവൂർ |
| 6 | ജോസ് കോ ഫൈനാൻസിയേഴ്സ് പേരാവൂർ | ക്ഷീര വ്യവസായ സഹകരണ സംഘം പേരാവൂർ |
| 7 | ഡോ,ഭാസ്കരൻ മെമ്മോറിയൽനഴ്സിംഗ് ഹോംപേരാവൂർ | സപ്ലൈകോ സൂപ്പർമാർക്കറ്റ് പേരാവൂർ |
| 8 | പേരാവൂർബ്ലോക്ക് മർച്ചൻസ് സഹകരണ സംഘം | മണത്തണ വനിതാ സഹകരണ സംഘം |
| 9 | കള്ള് ഷാപ്പ്, പേരാവൂർ | മാവേലി സ്റ്റോർ മണത്തണ |
| 10 | പ്രീമിയർ ഫൈനാൻസിയേഴ്സ് പേരാവൂർ | പേരാവൂർ കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് |
| 11 | കള്ള് ഷാപ്പ്, തെറ്റുവഴി | ത്രിവേണി സൂപ്പർമാർക്കറ്റ് പേരാവൂർ |
| 12 | കള്ള് ഷാപ്പ്, മേൽമുരിങ്ങോടി | പേരാവൂർബ്ലോക്ക് മർച്ചൻസ് സഹകരണ സംഘം |
| 13 | കള്ള് ഷാപ്പ്, മണത്തണ | കള്ള് ഷാപ്പ് പേരാവൂർ |
| 14 | കള്ള് ഷാപ്പ്, തൊണ്ടിയിൽ | പ്രീമിയർഫൈനാൻസിയേഴ്സ് പേരാവൂർ |
| 15 | ദോറ മൈക്രോഫിനാൻസിയേഴ്സ്, പേരാവൂർ | കള്ള് ഷാപ്പ് തെറ്റുവഴി |
| 16 | കള്ള് ഷാപ്പ്, പേരാവൂർ | കള്ള് ഷാപ്പ്, മേൽമുരിങ്ങോടി |
| 17 | സൈറസ് ഹോസ്പിറ്റൽ പേരാവൂർ | കള്ള് ഷാപ്പ്, മണത്തണ |
| 18 | | കള്ള് ഷാപ്പ്, തൊണ്ടിയിൽ |
| 19 | | ദോറ മൈക്രോഫിനാൻസിയേഴ്സ്, പേരാവൂർ |
| | | |

| | | |
|---|---|---|
| 20 | | ഇൻലാന്റ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസ് പേരാവൂർ |

4 <u>തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാതെ തൊഴിലുടമകളിൽ നിന്ന് നികുതി സ്വീകരിക്കുന്നു</u>

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 അനുസരിച്ച് ഒരു അർദ്ധവർഷത്തിലെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1-ാം നമ്പർഫോറത്തിൽ ആഫീസ് തലവനോടൊ, തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ, വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ ഫോറംനമ്പർ 11ൽ ആവശ്യപ്പെടേണ്ടതും, തൊഴിലുടമ അങ്ങിനെയുള്ള വിവരങ്ങൾ 11-ാം നമ്പർ ഫോറത്തിൽ ലഭ്യമാക്കിയാൽ തൊഴിൽ നികുതിനിർണ്ണയം ആരംഭിക്കേണ്ടതുമാണ് .

എന്നാൽ ഗ്രാമ പഞ്ചായത്തിലെ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് 11-ാം നമ്പർ ഫോറത്തിലുള്ള റിട്ടേണുകൾ സമർപ്പിക്കാതെയാണ് . ഉദാഹരണങ്ങൾ താഴെ നൽകുന്നു

| ക്രമനമ്പർ | 2018-19 ൽ ഒന്നാം അർദ്ധ വർഷത്തിൽ റിട്ടേൺ സമർപ്പിക്കാതെ നികുതി ഒടുക്കിയസ്ഥാപനം | 2018-19 ൽ രണ്ടാം അർദ്ധ വർഷത്തിൽ സമർപ്പിക്കാതെ നികുതി ഒടുക്കിയസ്ഥാപനം |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് ഓഫീസ് പേരാവൂർ | ഗ്രാമ പഞ്ചായത്ത് ഓഫീസ് പേരാവൂർ |
| 2 | എൻ. ആർ.ഇ.ജി.എസ് ഓഫീസ് പേരാവൂർ ഗ്രാമപഞ്ചായത്ത് | എൻ.ആർ.ഇ.ജി.എസ് ഓഫീസ് പേരാവൂർ ഗ്രാമപഞ്ചായത്ത് |
| 3 | | ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ പേരാവൂർ |
| 4 | | ശ്രീ ജനാർദ്ദന എൽ.പി സ്കൂൾ പേരാവൂർ |
| 5 | | ശ്രീ ഗോകുലം ചിറ്റ്സ് പേരാവൂർ |
| 6 | | വനിതാ സഹകരണ സംഘം പേരാവൂർ |
| 7 | | സൗഭാഗ്യ ന്യടിമിക്സ്സ് |

മുകളിൽ ചേർത്തത്ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ധാരാളം സ്ഥാപനങ്ങൾ അർദ്ധ വർഷത്തെ വരുമാനം സംബന്ധിച്ച വിവരങ്ങൾ നൽകാതെയാണ് നികുതി ഒടുക്കിയത്. വരുമാനം

കാണിക്കാതെ എങ്ങിനെയാണ് തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഈടാക്കുമ്പോൾ വരുമാനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.

അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് 9.3.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക പിരിച്ചെടുക്കേണ്ടതുമാണ്.

# 1-13 ഷോപ്പിംഗ് കോംപ്ലക്സ് വാടക – ലേല നിയമാവലികൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പേരാവൂരിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ 14 റൂമുകളിൽ നിന്നായി 2018-19 വാർഷം 3,03,384/-രൂപ വാടകയായി ലഭിച്ചിട്ടുണ്ട്.

വാടക ഈടാക്കിയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്

1 താഴെ പറയുന്ന റൂം നമ്പറുകൾ വാടകയ്ക്കെടുത്തവർ പഞ്ചായത്തുമായി ലേലം സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമനം | റൂം നമ്പർ | റൂമുകൾ വാടകയ്ക്ക് എടുത്തവരുടെ പേര് |
|---|---|---|
| 1 | 319 | ബാബു മൈക്കിൾ |
| 2 | 320 | അന്നക്കുട്ടി ഓലിക്കൽ |
| 3 | 327 | ജെസിന ജോസഫ് |
| 4 | 329 | സി.ഡി.എസ് കുടുംബശ്രീ |

2 . റൂമുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഉണ്ടാക്കിയ വാടക, ലേലം എന്നിവ സംബന്ധിച്ച ബൈലോ അഥവാ നിയമാവലികൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല . അപാകതകൾ സംബന്ധിച്ച് നൽകിയ 22/2018-19/17.03.2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്

# 1-14 ഫാക്ടറീസ് ,ട്രേഡേഴ്സ് , എന്റെർപ്രണർഷിപ്പ് , ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഫാക്ടറീസ്, ടേഡേഴ്സ്, എന്റെർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് ഇനത്തിൽ 2,81,000/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ലൈസൻസ് പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ താഴെ, പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1 കൃത്യമായി പൂരിപ്പിക്കാത്തതും , പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ലാത്തതും, സെക്രട്ടറി സാക്ഷ്യപ്പെടുത്താതുമായ അപേക്ഷകളിലും ലൈസൻസ് അനുവദിക്കുന്ന

സർക്കാർ ഉത്തരവ് നം (പി) 80/2017/എൽ.എസ്.ജി.ഡി /2017 തീയ്യതി 31.10.2017 അനുസരിച്ച് ഫാക്ടറീസ് ,ട്രേഡേഴ്സ് , എന്റെർപ്രണർഷിപ്പ് , ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകുന്നതിനുള്ള ഫീ ഈടാക്കേണ്ടത് സ്ഥാപനങ്ങളുടെതും സംരംഭങ്ങളുടെയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് .

a) ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നൽകിയ 589 ലൈസൻസുകളിൽ ഒരപേക്ഷയിൽ പോലും മൂലധന നിക്ഷേപം എത്രയാണെന്ന് അപേക്ഷകനോ, പരിശോധനാ ഉദ്യോഗസ്ഥനോ, ലൈസൻസ് അനുവദിച്ച സെക്രട്ടറിയോ രേഖപ്പെടുത്തിയിട്ടില്ല . മൂലധന നിക്ഷേപം കാണിക്കാതെ എങ്ങിനെയാണ് ലൈസൻസ് ഫീ കണക്കാക്കിയതെന്ന് വ്യക്തമല്ല.

b) . അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ നൽകാതെയാണ് പല അപേക്ഷകർക്കും ലൈസൻസ് നൽകിയത് . കൂടാതെ ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ലാതെയും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും ലൈസൻസ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | അപേക്ഷന്റെ പേര് | ലൈസൻസ് ലഭിച്ച സ്ഥപനം /കെട്ടിട നം | ലൈസൻസ് നം/ഫീ ഈടാക്കിയ നം | അപാകതകൾ |
|---|---|---|---|---|
| 1 | കെ കരുണാകരൻ | സ്റ്റേഷനറി XI PP325 | 518/ 118020105851 12.2.2019 | അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 2 | ചിന്നൻ പി.പി | ഓഡിറ്റോറിയം VIII/202 | 538/118020107039/13.3.2019 | അപേക്ഷയിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 3 | സജീർ പി | വെജിറ്റബിൾ കച്ചവടം II 931 | 338/118020101435/ 30.6.2018 | അപേക്ഷയിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4 | മുഹമ്മദ് ആഷിക്ക് | പലചരക്ക്,സ്റ്റേഷനറിXI /483 | 234/118020100234/ 18.4.2018 | അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് ഇല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 5 | മുഹമ്മദ് ഇസ്മായിൽ.എ പി | ഫൂട്ട് വേർ കച്ചവടം XI /797 | 199/118020100150/12.4.2018 | അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |

c) ലൈസൻസ് രജിസ്റ്റർപ്രകാരം ആകെ 589 അപേക്ഷകർക്കാണ് 2018-19 വർഷം ലൈസൻസ് നൽകി ഫീ ഈടാക്കിയത് . ആകെയുള്ള 589 അപേക്ഷകളിൽ 541 എണ്ണം മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ . ബാക്കിയുള്ള 48 അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് നം (പി) 80/2017/എൽ.എസ്.ജി.ഡി /2017 തീയ്യതി 31.10.2017 അനുസരിച്ച് സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ ഈടാക്കുന്ന വാർഷിക ഫീ 500 രൂപ മുതലാണ് നിശ്ചയിച്ചത് . എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ലൈസൻസ് ഫീ ആയി 147 സ്ഥാപനങ്ങളിൽ നിന്ന് 500 രൂപയിൽ താഴെ വരുന്ന സംഖ്യകൾ ലൈസൻസ് ഫീ ആയി ഈടാക്കിയതായി ലൈസൻസ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 500 രൂപയിൽ താഴെ വരുന്ന സംഖ്യകൾ ലൈസൻസ് ഫീ ആയി ഈടാക്കുമ്പോൾ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കണമെന്നിരിക്കെ അത്തരത്തിലുള്ള തീരുമാനം എടുത്തിട്ടില്ല

2. 1996ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവുംഅസഹ്യവുമായ വ്യാപരങ്ങൾക്കും,ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് ഈ ചട്ടത്തിന്റെ ഭാഗമായ പട്ടിക 111 പ്രകാരം ഈടാക്കേണ്ടതാണ് . എന്നാൽ അത്തരത്തിലുള്ള ഫീ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം / കെട്ടിടനം | അപേക്ഷയിൽ കാണിച്ച യന്ത്രത്തിന്റെ എച്ച്.പി |
|---|---|---|---|
| 1 | ദിവാകരൻ വി.എം | ബേക്കറിXIV/146 | 1.5 |
| 2 | വാഴയിൽ രാജൻ നായർ | ഗ്രിൽസ് ,ഗേറ്റ് നിർമ്മാണം XII 475 | 3.5 |
| 3 | വി.കെ ജോൺ | സിമന്റ് കട്ട നിർമ്മാണം<br>XV 193 | 10 |
| 4 | വി.കെ ബെന്നി | സ്റ്റോൺ ക്രഷർ XV/197 | 770 |

| | | | |
|---|---|---|---|
| 5 | വി.പി ധനരാജൻ | വർക്ക് ഷോപ്പ് XI /2 | 3.5 |
| 6 | പീറ്റർ .പി.ജെ | സർവ്വീസ് സ്റ്റേഷൻXI /5 | 10 |
| 7 | യൂസഫ്.പി.ജെ | മിൽമ ഉൽപ്പന്ന സ്റ്റോറേജ് II/62 | 2 |
| 8 | ടി.പി എസ്തപ്പാൻ | മരമില്ല്VII/337 | 10 |
| 9 | പി പ്രേമാനന്ദൻ | ബെയ്ക്കറിXI622 | .5 |
| 10 | അന്ന അന്നതോമസ് | ഫ്ലവർമിൽII/244 | 25 |
| 11 | ബിന്ദു സോമൻ | ഫോട്ടോ സ്റ്റാറ്റ്VI/80 | .5 |
| 12 | നിർമ്മല ജോസഫ് | ഫ്ലവർമിൽ IV/306 | 15 |
| 13 | ചാലിൽജോസഫ് | വാട്ടർ സർവ്വിസ്1X/27 | 3 |
| 14 | ഷൈജ | നെയ്ത്ത് വർക്ക് XII238 | 5 |
| 15 | രമേശ് ബാബു.എം.പി | ബെയ്ക്കറി XII67 | 1 |
| 16 | സി.പി.കുഞ്ഞികൃഷ്ണൻ | വർക്ക് ഷോപ്പ് XII557 | 5 |
| 17 | സി.പി.കുഞ്ഞികൃഷ്ണൻ | ഓട്ടോമൊബൈൽ XII 550 | 2 |
| 18 | പ്രീത എം.കെ | വർക്ക്ഷോപ്പ് X 34 | 2 |
| 19 | ഷമീം.കെ.കെ | ഫ്ലവർമിൽ XI468 | 15 |
| 20 | തങ്കച്ചൻ കെ.എ | ഗ്ലാസ് വർക്ക് XI35 | 3 |
| 21 | മുഹമ്മദ് ഫാസിൽ | സിമന്റ് പ്രോഡക്ട് നിർമ്മാണവും വിൽപനയും XI 9 | 6 |
| 22 | ജോജോ .വി.സി | ടയർ വർക്സ് 11/399 | 2 |
| 23 | ലില്ലി ജോസ് | ഫ്ലവർമിൽ VIII/129 | 10 |
| 24 | കെ ഭാസ്കരൻ | സോഡാനിർമ്മാണംX 72 | .5 |
| 25 | ആഷ കെ.വിജയൻ | സോഡാനിർമ്മാണംIII 198 | 2 |
| 26 | ജിബിൻ പോൾ | 11 /477 | 1.5 |
| 27 | ശ്യാം പ്രകാശ് | വെൽഡിംഗ് വർക് II/477 | 14 |
| 28 | രതീഷ് എം | വെൽഡിംഗ് വർക് | 9 |

| | | | |
|---|---|---|---|
| | | VII/183 | |
| 29 | ബേബി ലസിത | ഫ്ലോർമിൽ1/60 | 10 |
| 30 | പാലേരി വീട്ടിൽ വിജയൻ | ഓയിൽമിൽ IX /5 | 5 |
| 31 | ശശിധരൻ | ഹോളോബ്രിക്സ് V364 | 5 |
| 32 | പി.പുരുഷോത്തൻ | പ്രിന്റിംഗ് XII/548 | 1.5 |
| 33 | ഷൈജ | വെൽഡിംഗ് വർക് XI255 | 9 |
| 34 | രമേശൻ എൻ | വെൽഡിംഗ് വർക്XI254 | 5 |
| 35 | മേരി ജോണി | മരമില്ല് VIII315 | 40 |
| 36 | വരുൺ .സി | അരവ് കേന്ദ്രം XI/373 | 1.5 |
| 37 | അഗസ്റ്റിൻ ജോസഫ് | കാർപ്പന്ററി വർക് VII28 | 4 |
| 38 | വി.കെ യതീന്ദ്രൻ | വെൽഡിംഗ് XII/354 | 8 |
| 39 | മാത്യു പോൾ | വെൽഡിംഗ് XI /495 | 10 |
| 40 | ജോസഫ് .വി.വി | ഫോട്ടോഫ്രെയിം V/324 | .5 |
| 41 | ജോണി വി ജോൺ | ഫ്ലവർമിൽXII93 | 25 |
| 42 | ചന്ദ്രൻ .പി | ഹോട്ടൽ ii /119 | 1.5 |

മുകളിൽ കാണിച്ച പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ എച്ച്.പി സ്ഥാപന ഉടമകൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടും അവരിൽ നിന്ന് റണ്ണിംഗ് ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് 18.3.2020 ന് 32/2018-19 ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-15 രശീതി ബുക്കുവഴി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം- സുതാര്യത ഉറപ്പ് വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വാർഷീക പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി കൃഷി ഓഫീസർക്ക് 20.1.2020 ന് രശീത് ബുക്ക് നം 63508 ഗ്രാമ പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ചെറുതേനിച്ച വളർത്തൽ എന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി ഒരു ഗുണഭോക്താവിൽ നിന്ന് 1200 രൂപ എന്ന നിരക്കിൽ 10 ഗുണഭോക്താക്കളിൽ നിന്ന് 12000/-രൂപ മേൽ കാണിച്ച രശീതി ബുക്ക് വഴി പിരിച്ചെടുത്തിട്ടുണ്ട്. രശീത് ബുക്ക്, തുക രേഖപ്പെടുത്തുന്ന കലക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. രശീതി ബുക്ക് നം 63508 ലെ 1മുതൽ 10 വരെ യുള്ള രശീതിയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2. രശീതി നം 1 മുതൽ 6 വരെ പിരിച്ചെടുത്ത തുകകളുടെ രശീതുകളുടെ ഡ്യൂപ്ലിക്കറ്റ് ഗുണഭോക്താവിന് നൽകിയിട്ടില്ല.

3. 1 മുതൽ 10 വരെയുള്ള രശീതിയിൽ നിന്ന് പിരിച്ചെടുത്ത 12000/-രൂപ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതിന്റെ വിവരങ്ങൾ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതാണ്.

4.രശീതി വഴി പിരിച്ചെടുക്കുന്ന തുക ഓഫീസ് കലക്ഷൻ രജിസ്റ്ററിൽ ചേർക്കണമെന്നിരിക്കെ അത്തരത്തിൽ കലക്ഷൻ രജിസ്റ്ററിൽ മേൽ രശീതുവഴി പിരിച്ചെടുത്ത 12000/-രൂപയുടെ വരവ് ചേർത്തിട്ടില്ല.

അപാകതകൾ സംബന്ധിച്ച് 17.3.2020 ന് നൽകിയ 18/2018-19 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-16 ബാരൽ വില - ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ ടാർ ബാരലിന്റെ വില Sale of Empties & Waste Materials എന്ന ഇനത്തിൽ ഉൾപ്പെടുത്തി ട്രഷറി അക്കൗണ്ടായ 722051400000001 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ബാരൽ വിലയുടെ 18% ജി.എസ്.ടിയും പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നയിനത്തിൽ പിഴയീടാക്കിയതിന് ജി.എസ്.ടി ഇനത്തിൽ ഈടാക്കിയ തുകയും സെക്രട്ടറിയുടെ ബേങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 30 തീയതി 19.3.2020). ഒഴിഞ്ഞ ബാരലിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്നും, ജി എസ് ടി ആയി ലഭിച്ചിട്ടുള്ള മുഴുവൻ തുകയും ഒടുക്കിയിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്.ഒഴിഞ്ഞ ബാരലിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-17 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-18 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കുന്നില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കി തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-19 ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല.

ഇ' ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈനായി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ 'ഇ' ടെണ്ടർ ഫീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവ് വരേണ്ടതാണ്. 2018-19 വർഷത്തിൽ പേരാവൂർ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ₹1,44,132 ലഭിക്കാനുണ്ട്. ഈ തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 ഇൻഡെന്റിൽ തിരുത്തൽ വരുത്തി നിറക്കാത്ത ഡീസലിന്റെ വില മാറിയെടുത്തു - ₹2026 നിരാകരണം, ₹9023 തടസ്സം

പഞ്ചായത്തിൽ മാലിന്യം ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന ട്രാക്ടറിന് (KL 13 D 8560 ) ഡീസൽ, എഞ്ചിൻ ഓയിൽ എന്നിവ നിറച്ചതിന് വൗച്ചർ 21800131 തീയതി 15-05-2018 പ്രകാരം₹11050 ഈസ്റ്റ് ഇന്ത്യ ഓട്ടോ ഫ്യൂൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇന്റൻഡ് നം. 925/10-03-2018 പ്രകാരം 30 ലിറ്റർ ഡീസലും, ഇന്റൻഡ് നം. 924/ 20-03-2018 പ്രകാരം 30 ലിറ്റർ ഡീസലും ,25 ലിറ്റർ എഞ്ചിൻ ഓയിലും നിറക്കുന്നതിന് പഞ്ചായത്തിൽ നിന്നും ഇന്റൻഡ് നൽകിയിട്ടുണ്ട്. എന്നാൽ 10-03-2018 ന് വാങ്ങിയ ഡീസൽ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. കൂടാതെ എഞ്ചിൻ ഓയിലിന്റെ ലിറ്ററിന്റെ വില ബില്ലിൽ കാണിച്ചിട്ടില്ല.

വൗച്ചർ നം . 21800208 തീയതി 12-06-2018 പ്രകാരം ₹ 4217 ഡീസൽ നിറച്ചതിന് ഈസ്റ്റ് ഇന്ത്യ ഓട്ടോ ഫ്യൂൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇന്റൻഡ് നം. 925/10-04-2018 പ്രകാരം 30 ലിറ്ററും, ഇന്റൻഡ് നം. 926/30-04-2018പ്രകാരം 30 ലിറ്ററും ഡീസലുമാണ് നിറച്ചിട്ടുള്ളത്. ഇവ അതാത് തീയതികളിൽ ലോഗ് ബുക്കിൽ കാണിച്ചിട്ടുണ്ട്.

എന്നാൽ 10-04-2018 ന് ഇഷ്യൂ ചെയ്ത 925 നമ്പർ ഇൻഡെന്റ് പ്രകാരം 10-03-2018 ഡീസൽ നിറച്ചതായി ബിൽ ഹാജരാക്കി ഈസ്റ്റ് ഇന്ത്യ ഓട്ടോ ഫ്യൂൽസ് എന്ന സ്ഥാപനം നൽകിയ ബിൽ പ്രകാരം 30 ലിറ്ററിന് ₹67.54 നിരക്കിൽ ₹2026.20 നൽകിയിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിച്ചതിൽ സമർപ്പിച്ചിരിക്കുന്ന ഡീസൽ ബിൽ തുക ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു എന്ന് എ.1 സെക്ഷൻ

സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതുവഴി ഇൻഡെന്റിൽ കൃത്രിമം കാണിച്ച് അധികം തുക നൽകിയിട്ടുണ്ട്. ആയതിനാൽ ചെലവ് തുക ₹2026 നിരാകരിക്കുന്നു.

ഇന്റൻഡ് നം. 924/ 20-03-2018 പ്രകാരം 25 ലിറ്റർ എഞ്ചിൻ ഓയിൽ നിറച്ചതിന്റെ ആവശ്യകത സംബന്ധിച്ചതിന്റെ വിവരവും ഓയിലിന്റെ വില സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബിൽ തുക ₹9023 തടസ്സപ്പെടുത്തുന്നു.

# 1-21 ഗ്രാമലക്ഷ്മിയിൽ നിന്ന് ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങൽ കൃത്യമായ സ്റ്റോക്കും തുകയുടെ വിനിയോഗ വിവരവും സൂക്ഷിക്കുന്നില്ല - ₹ 45343 തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് കാലയളവിൽ വൗച്ചർ നം 21800309 dtd 11-07-2018 പ്രകാരം ₹76,473 ഗ്രാമലക്ഷ്മിക്ക് നൽകിയിട്ടുണ്ട് . എന്നാൽ PGT/GST INV/429/2018-19 DTD 16-07-2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ₹31,130 ന്റെ സാധനങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഈ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയിസിലുള്ളത് പോലെ ക്രമമായി ഒരു പേജിൽ ചേർത്തിട്ടുണ്ടെങ്കിലും അവയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല. ഗ്രാമ ലക്ഷ്മിയിൽ നിന്നും ലഭിക്കുന്ന ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നൽകി സ്റ്റോക്കിലെടുക്കേണ്ടതും അവയുടെ വിതരണ വിവരം കൃത്യമായി കാണിക്കുകയും ക്ലോസിംഗ് സ്റ്റോക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കൂടാതെ ₹ 45343 സാധനങ്ങൾ ലഭ്യമായവിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 45343 (76473-31130) തടസ്സപ്പെടുത്തുന്നു.

# 1-22 വാഹന ഉപയോഗവും പരിപാലനവും - കുറ്റമറ്റരീതിയിൽ നടത്തേണ്ടതാണ്

സ.ഉ(എം.എസ്)നം .170/2007 തസ്വഭവ തീയതി 30-06-2007 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവിലെ പല വ്യവസ്ഥകളും പാലിച്ചിട്ടില്ല.

1. ഉത്തരവു പ്രകാരം ലോഗ് ബുക്ക്, പെട്രോൾ,ഡീസൽ, ഗ്യാസ്,ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക് , റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ KL 58 4930 ബോലേറോവും മാലിന്യം ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന KL 13 D 8560 ട്രാക്ടറുമാണുള്ളത്. ഇതിൽ ബൊലേറോവിന് മാത്രമേ ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നുള്ളൂ. ഡീസൽ നിറക്കുന്നതിനുള്ള ഇൻഡന്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും മറ്റ് രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല.

KL 13 D 8560 ട്രാക്ടറിന്റെ ലോഗ് ബുക്ക് അപൂർണ്ണമാണ് . മീറ്റർ റീഡിംഗ്, ഓടിയ ദൂരം, എന്നിവ ചേർത്തിട്ടില്ല. മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരം ഇല്ല.

2. കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടെയോ സാന്നിദ്ധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറക്കേണ്ടതാണ്. എന്നാൽ ലോഗ് ബുക്കിൽ ഒന്നും തന്നെ ഫുൾ കപ്പാസിറ്റിയിൽ ഇന്ധനം നിറച്ചിട്ടുണ്ടോ എന്നുള്ള വിവരം ചേർക്കുന്നില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-23 ആദായനികുതി ത്രൈമാസറിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകിയത് അനുവദനീയമല്ല.

ആദായ നികുതിയുടെ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുക എന്നത് ഡ്രോയിങ്ങ് & ഡിസ്ബേഴ്സിങ്ങ് ഓഫീസറുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണ്. വകുപ്പ് അനുവദിക്കുന്ന യൂസർ ഐ.ഡി.യും പാസ് വേഡും ഉപയോഗിച്ച് കൊണ്ട് സൈറ്റിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം പുറം ഏജൻസികളെ ഏൽപ്പിക്കുന്നത് നിയമപരമല്ല. ഡി.ഡി.ഒ.മാർക്ക് ഇക്കാര്യത്തിൽ ട്രഷറി വകുപ്പ് ആവശ്യമായ പരിശീലനം നൽകി വരുന്നുമുണ്ട്. സ്ഥാപനത്തിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് ഇക്കാര്യം നിർവ്വഹിക്കേണ്ടതുമാണ്. ആദായ നികുതി വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ (റിട്ടേൺ ഒന്നിന് 50/- രൂപ നിരക്കിൽ) മാത്രമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ വ്യവസ്ഥയുള്ളൂ. എന്നാൽ 2017-18 ലെ ടി.ഡി.എസ് ഫയൽ ചെയ്യുന്നതിന് വൗച്ചർ നം 21800156 തീയതി 24-05-2018 പ്രകാരം ₹50 അപ് ലോഡിങ്ങ് ഫീ ഉൾപ്പെടെ ₹500 അനുവദിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ സ്വയം നിർവഹിക്കേണ്ട കാര്യങ്ങൾ പ്രതിഫലം നൽകി പ്രൊഫഷണൽ ഏജൻസികളെ ഏൽപിക്കുന്നത് നിയമപ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപെടുത്തുന്നു.

# 1-24 പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല – പിഴയിനത്തിൽ ₹ 38264 ഈടാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)നം .13/2012/പി.ഡബ്ല്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖ.2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. എന്നാൽ കരാറുകാരനിൽ നിന്ന് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കൂടാതെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നൽകിയ അപേക്ഷ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ, ഭരണ സമിതി

അംഗീകാരം, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഫയലിൽ ലഭ്യമല്ല. താഴെ പറയുന്ന പ്രവൃത്തികൾക്ക് നിയമാനുസൃതമായ പിഴ ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

1. പ്രോജക്ട് നമ്പർ : 114/19- പഴയ ബസ് സ്റ്റാൻഡിൽ ഓപ്പൺ ഓഡിറ്റോറിയവും അനുബന്ധസൗകര്യവും ഒരുക്കൽ

അടങ്കൽ : ₹10,00,000 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹10,00,00 – തനത് ഫണ്ട്

ആകെ : ₹11,00,000

ചെലവ് : ₹8,63,057 - ബിൽ നം . 02/18-19 dtd 21-05-2018

കരാർ തുക : ₹889366.79

കരാറുകാരൻ : ശ്രീ.മത്തായി .വി.ഡി

കരാർ നം/തീയതി : AE/LSGD/PVR/39/2016-17 dtd 20-03-2017

എം . ബുക്ക് : 39/16-17, 47/17-18,

പ്രവൃത്തി പൂർത്തീകരണ സമയം : 180 ദിവസം

പ്രവൃത്തി പൂർത്തീകരണ തീയതി : 16-09-2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 26-02-2018

കാലതാമസം : 183 ദിവസം

കരാർ തുകയുയെ 3% ആയ ₹26681 പിഴയിനത്തിൽ ഈടാക്കിയിട്ടില്ല.

2 .പ്രോജക്ട് നമ്പർ : 74/19-വെള്ളായി കോളനി അമ്പലക്കുഴി റോഡ് ടാറിംഗ്

അടങ്കൽ : ₹4,75,000 - മെയിന്റനൻസ് റോഡ്

: ₹30,000 – തനത് ഫണ്ട്

ആകെ : ₹5,05,000

ചെലവ് : ₹4,49,989 - ബിൽ നം . 41/18-19 dtd 19-03-2019

കരാർ തുക : ₹4,49,989.02

കരാറുകാരൻ : ശ്രീ.രവീന്ദ്രൻ കെ

കരാർ നം/തീയതി : AE/LSGD/PVR/10/18-19 dtd 06-08-2018

എം . ബുക്ക് : 10/18-19,

പ്രവൃത്തി പൂർത്തീകരണ സമയം : 180 ദിവസം

പ്രവൃത്തി പൂർത്തീകരണ തീയതി : 01-02-2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 14-02-2019

കാലതാമസം :14 ദിവസം

കരാർ തുകയുടെ 1% ആയ ₹4500 പിഴയിനത്തിൽ ഈടാക്കേണ്ടതിനുപകരം ₹1000 മാത്രമേ ഈടാക്കിയിട്ടുള്ളൂ. ₹3500 ഈടാക്കേണ്ടതാണ്.

3. പ്രോജക്റ്റ് നമ്പർ : 79/19-തെരു കുനിത്തല റോഡ് റീ ടാറിംഗ്

അടങ്കൽ : ₹459429- മെയിന്റനൻസ് ഗ്രാന്റ് റോഡ്

ചെലവ് : ₹4,45,919 - ബിൽ നം . 39/18-19 dtd20 -03-2019

കരാർ തുക : ₹446046.56

കരാറുകാരൻ : ശ്രീ.ദിനേശൻ. കെ

കരാർ നം/തീയതി : AE/LSGD/PVR/12/18-19 dtd 10-08-2018

എം . ബുക്ക് : 12/18-19,

പ്രവൃത്തി പൂർത്തീകരണ സമയം : 180 ദിവസം

പ്രവൃത്തി പൂർത്തീകരണ തീയതി : 05-02-2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 14-02-2019

കാലതാമസം : 9ദിവസം

കരാർ തുകയുയെ 1% ആയ ₹4460 പിഴയിനത്തിൽ ഈടാക്കിയിട്ടില്ല.

4. പ്രോജക്റ്റ് നമ്പർ : 80/19-മേൽ മുരിങ്ങോടി മുത്തപ്പൻ റോഡ് ടാറിംഗ്

അടങ്കൽ : ₹4,80,000 - മെയിന്റനൻസ് റോഡ്

: ₹30,000 – തനത് ഫണ്ട്

ആകെ : ₹5,10,000

ചെലവ് : ₹4,61,708 - ബിൽ നം . 40/18-19 dtd 20-03-2019

കരാർ തുക : ₹462328.81

കരാറുകാരൻ : ശ്രീ.രവീന്ദ്രൻ കെ

കരാർ നം/തീയതി : AE/LSGD/PVR/09/18-19 dtd 06-08-2018

എം . ബുക്ക് : 09/18-19,

പ്രവൃത്തി പൂർത്തീകരണ സമയം : 180 ദിവസം

പ്രവൃത്തി പൂർത്തീകരണ തീയതി : 01-02-2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 15-02-2019

കാലതാമസം : 14 ദിവസം

കരാർ തുകയുയെ 1% ആയ ₹4623 പിഴയിനത്തിൽ ഈടാക്കേണ്ടതിനുപകരം ₹1000 മാത്രമേ ഈടാക്കിയിട്ടുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 15/ .03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ ഈടാക്കേണ്ട ₹ 38264 (26681 +3500 + 4460 + 3623) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-25 പെരുമ്പുന്ന ഗവ: സ്കൂൾ ക്ലാസ്സ് റൂം അഭിവൃദ്ധിപ്പെടുത്തൽ - സർക്കാർ ഉത്തരവ് പാലിക്കാതെയുള്ള പദ്ധതി നിർവഹണം - ചെലവ് തുക ₹189059 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 140/19-പെരുമ്പുന്ന ഗവ: സ്കൂൾ ക്ലാസ്സ് റൂം അഭിവൃദ്ധിപ്പെടുത്തൽ

അടങ്കൽ : ₹2,00,000 ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് : ₹189059 - ബിൽ നം . 09/18-19 dtd 23-07-2018

മേൽ പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 04-12-2017 ൽ ചേർന്ന കമ്മിറ്റി രൂപീകരണ യോഗത്തിൽ ചെയർമാനായി ശ്രീ.മാത്യു തെക്കേക്കുറ്റ് ചെയർമാനും ( പി.ടി.എ.പ്രസിഡണ്ട്) ,ശ്രീമതി.വത്സമ്മ. പി.ഡി കൺവീനറുമായി (ഹെഡ് മിസ്ട്രസ്സ്) ഒൻപത് അംഗ കമ്മിറ്റി രൂപീകരിക്കുകയും 17-02-2018 ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി എം. ബുക്ക് പ്രകാരം 16-03-2018 ന് പൂർത്തിയാക്കിയിട്ടുണ്ട് (എം.ബുക്ക് നം. 41/17-18) . പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം13 (5) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും , ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും , ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കപ്പെടുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ഫ്ലോറിംഗ് പ്രവൃത്തി (ടൈൽ പണി) മൊത്തമായും കരാർ അടിസ്ഥാനത്തിൽ നൽകുവാൻ 14-02-2018 ലെ യോഗം തീരുമാനിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്തതിന് ടി.പി അസോസിയേറ്റ്സ് , ചുള്ളിയോട് റോഡ്, സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിന് ₹130000 നൽകിയതിന്റെ കൈപ്പറ്റ് സൂക്ഷിച്ചിട്ടുണ്ട്.

2. കമ്മിറ്റി കണക്കുകൾക്ക് വ്യക്തതയില്ല. പെയിന്റിംഗ് പ്രവൃത്തികൾക്ക് ഇരിട്ടി ,ശുഭ ഹാർഡ് വെയേഴ്സിൽ നിന്നും 1338/19-03-2018 ഇൻവോയ്സ് പ്രകാരം ₹413000 എമൽഷൻ, വിൻഡോ പെയിന്റ്, ജനൽ ഗ്ലാസ്സ് 24 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. ഇതിൽ പെയിന്റ് എത്ര ലിറ്ററാണ് എന്ന് വ്യക്തമാക്കിയിട്ടില്ല . കൂടാതെ മസ്റ്റർ റോൾ പ്രകാരം ഏഴുപേർ 6 മുതൽ 18 തീയതികളിൽ 10 ദിവസം വീതം ജോലിചെയ്തതിന് ₹47000 കൂലി നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഏത് മാസമാണ് ജോലി ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തിക്കായി ഉപയോഗിച്ച പെയിന്റിന്റെ അളവ് എത്രയാണെന്നും വ്യക്തമല്ല.

3.ഗുണഭോക്തൃസമിതിയുടെ കണക്കുകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ, ആവശ്യമായ സാധനങ്ങളുടെ അളവ് എത്രയെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹189059 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/19.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ചെക്കു ഡാമുകൾക്ക് പലകയിടൽ - അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ₹405346 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

I. പ്രോജക്ട് നമ്പർ : 115/19-ചെക്കു ഡാമുകൾക്ക് പലകയിടൽ

അടങ്കൽ : ₹1,50,000 വികസന ഫണ്ട്

: ₹ 50,000 - തനത് ഫണ്ട്

: ₹ 20,000 - ഗുണഭോക്തൃ വിഹിതം

ആകെ : ₹ 2,20,000

ചെലവ് : ₹ 131170 - ബിൽ നം . 01/18-19 dtd 21-05-2018

കടമ്പം, മുല്ലപ്പള്ളി, നമ്പിയോട്, മുരിങ്ങോടി, തൊണ്ടിയിൽ എന്നീ വി.സി.ബികൾക്ക് പലകയിടുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. മേൽ പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവഹണം നടത്തിയിട്ടുള്ളത്. 20-03-2017 ൽ ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. മനോജ് ഈക്കിലിശ്ശേരിയും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി 01-11-2017-ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. (എം.ബുക്ക് നം. 45/16-17) . പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13.(2) പ്രകാരം പണി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകി നിർവ്വഹണ ഉദ്യോഗസ്ഥൻ വിളിച്ച് ചേർത്ത് ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ

സ്വീകരിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ വ്യത്യസ്ഥ സ്ഥലങ്ങളിലുള്ള വി.സി.ബികൾക്ക് പലകയിടുന്നതിന് ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്.

2. കടമ്പം, മുല്ലപ്പള്ളി, നമ്പിയോട്, മുരിങ്ങോടി, തൊണ്ടിയിൽ എന്നീ വി.സി.ബികളിൽ നമ്പിയോട്. കടമ്പം എന്നീ വി.സി.ബികൾ മാത്രമേ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നുള്ളൂ. കൂടാതെ പ്രോജക്ടിൽ ഏതെല്ലാം വി.സി.ബികളുടെ പ്രവൃത്തിയാണ് നടക്കുന്നത് എന്നും അവയുടെ ആസ്തി കോഡ് എത്രയാണെന്നും ചേർത്തിട്ടുമില്ല. കൂടാതെ ഇവ ഏത് കാലത്ത് നിർമ്മിച്ചതാണെന്നും അവയുടെ മൂല്യം എത്രയാണെന്നും രേഖപ്പെടുത്തിയിട്ടില്ല.

3. വി.സി.ബികൾക്ക് പലക ഇടുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ വിസി.ബികൾ മുമ്പെതന്നെ ഉള്ളവയാണെന്ന് വ്യക്തമാണ്. ആയതിനാൽ ഓരോ വി.സി.ബി കൾക്കും ഗുണഭോക്തൃസമിതികൾ നിലവിലുണ്ടായിരുന്നോ എന്നും വി.സി.ബിയുടെ അറ്റകുറ്റപ്പണികൾ ചെയ്തിരുന്നത് ആരായിരുന്നു എന്നും. ഇവയുടെ നിലവിലെ പലകകൾ ആരാണ് സംരക്ഷിച്ചിരുന്നത് എന്നും മാറ്റുമ്പോൾ പഴയവ എന്ത് ചെയ്തു എന്നും ഉള്ള വിവരവും ലഭ്യമാക്കേണ്ടതാണ്.

4.ഗുണഭോക്തൃസമിതിയുടെ കണക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ, ആവശ്യമായ സാധനങ്ങളുടെ അളവ് എത്രയെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന 10% ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കേണ്ടതാണ്. 2016-17 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 4/2016 തസ്വഭവ. തീയതി 11-01-2016 ഭാഗം 4 ഖണ്ഡിക 11.1.x. പ്രകാരം കാർഷികാവശ്യത്തിന് ജലവിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മാത്രമേ ജലസേചന പരിപാടികൾ എന്ന നിലയിൽ ഏറ്റെടുക്കാവൂ. ജലസേചന പരിപാടികളുടെ അടങ്കൽ തുകയുടെ 10 ശതമാനം തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവ്വഹണത്തിനുമുമ്പായി അത്രയും തുക തദ്ദേശഭരണ സ്ഥാപനത്തിൽ പണമായി അടയ്ക്കേണ്ടതുമാണ്. കൂടാതെ ജലസേചന പരിപാടികൾക്ക് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്. ഖണ്ഡിക 11.1.xi. പ്രകാരം ജലവിതരണം നടത്തുന്ന ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതിയെ ഏല്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ പ്രോജക്ട് നിർവഹണം ആരംഭിക്കാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്.

II. പ്രോജക്ട് നമ്പർ : 146/19-വി.സി.ബികൾക്ക് പലകയിടൽ

| | |
|---|---|
| അടങ്കൽ | : ₹ 2,17,577 വികസന ഫണ്ട് |
| | : ₹ 57,423 - തനത് ഫണ്ട് |
| ആകെ | : ₹2,75,000 |
| ചെലവ് | : ₹217577 - ബിൽ നം . 43/18-19 dtd 26-03-2019 |
| | : ₹56599 - ചെക്ക് നം 001010 dtd 30-03-2019 (₹512738) |
| ആകെ | : ₹274176 |

മാവടി പാടശേഖരം വി.സി.ബി, മരിയാഭവൻ തോട് ബി.സി.ആർ, ഗോശാലപുരം വി.സി.ബി, അറയങ്ങാട് ചെക്ക് ഡാം, എന്നിവയ്ക്ക് പലകയിടുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. പ്രവൃത്തി കരാറുകാരൻ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പിടെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മരിയാഭവൻ തോട് ബി.സി.ആർ, ഗോശാലപുരം വി.സി.ബി, അറയങ്ങാട് ചെക്ക് ഡാം, എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

2. വി.സി.ബികൾക്ക് പലക ഇടുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ വിസി.ബികൾ മുമ്പെതന്നെ ഉള്ളവയാണെന്ന് വ്യക്തമാണ്. ആയതിനാൽ ഓരോ വി.സി.ബി കൾക്കും ഗുണഭോക്തൃസമിതികൾ നിലവിലുണ്ടായിരുന്നോ എന്നും വി.സി.ബിയുടെ അറ്റകുറ്റപ്പണികൾ ചെയ്തിരുന്നത് ആരായിരുന്നു എന്നും, ഇവയുടെ നിലവിലെ പലകകൾ ആരാണ് സംരക്ഷിച്ചിരുന്നത് എന്നും മാറ്റുമ്പോൾ പഴയവ എന്ത് ചെയ്തു എന്നുള്ള വിവരവങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ/വിശദീകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹405346 തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/19.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-27 കുട്ടിച്ചാത്തൻകണ്ടി അംഗൻവാടി കെട്ടിട നിർമ്മാണം- മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല. - ചെലവ് തുക₹173928 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 126/19-കുട്ടിച്ചാത്തൻകണ്ടി അംഗൻവാടി കെട്ടിട നിർമ്മാണം

അടങ്കൽ : ₹13,00,000 സംസ്ഥാനാവിഷ്കൃതം

: ₹ 2,00,000 തനത് ഫണ്ട്

ആകെ : ₹15,00,000

ചെലവ് : ₹173928 - ചെക്ക് നം. 1149756 dtd 07-01-2019

കരാറുകാരൻ : ശ്രീ.സി.എം.പൈലി

കരാർ : AE/LSGD/PVR/30/17-18 dtd 26-09-2017

കരാർ തുക : ₹14,99,263.64

പ്രവത്തി പൂർത്തീകരിച്ചത് : 06-02-2018

ആകെ പ്രവൃത്തി മൂല്യം :₹ 14,73,928

മേൽ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കി 25-09-2018 ലെ ബിൽ 18-19 നമ്പർ കത്ത് പ്രകാരം പേരാവൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സൂക്ഷ്മ പരിശോധനക്കായി നൽകിയിട്ടുണ്ട്. എന്നാൽ ബിൽ സൂക്ഷ്മ പരിശോധന നടത്തി ലഭിച്ചതിന്റെ രേഖകൾ

ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് തനത് ഫണ്ടിൽ നിന്നും ₹173928 ൽ നിന്നും ആദായനികുതി ഇനത്തിൽ ₹1739, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ₹1739, ജി.എസ്.ടി ഇനത്തിൽ ₹3478 കുറച്ച് ₹172189 അനുവദിച്ചിട്ടുണ്ട്. ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ( സുലേഖ) സംസ്ഥാനാവിഷ്കൃത ഇനത്തിൽ ചെലവില്ല. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ പഞ്ചായത്തിന് തുക ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ എം.ബുക്കും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹173928 തടസ്സപ്പെടുത്തുന്നു.സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-28 റോഡ് കോൺക്രീറ്റിംഗ് -- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ-ചെലവ് തുക ₹425488 തടസ്സപ്പെടുത്തുന്നു

2018- 19 വർഷം 25 റോഡ് പ്രവൃത്തി പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിൽ 20 എണ്ണം പുതിയ പ്രോജക്ടുകളും 5 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. പുതിയ പ്രോജക്ടുകളിൽ 15 റോഡ് പ്രവൃത്തികളും കോൺക്രീറ്റ് റോഡുകളാണ്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. റോഡുകൾ കോൺക്രീറ്റ് ചെയ്യാനുണ്ടായ കാരണം പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

2.ഡാറ്റ പ്രകാരം സ്പെസിഫിക്കേഷൻ കോഡ് od41833/2018-19 : Providing Concrete for plain/reinforced cement concrete in open foundations complete as per drawings and technical specifications Clause 802,803,1202 & 1203 Nominal Mix 1:4:8 (2018-19) ചെയ്യുന്നതിന് ഒരു ക്യൂബിക്ക് മീറ്ററിന് വില കണക്കാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| Description | Rate |
|---|---|
| Cost for one cum | 3614.88 |
| Add Overhead @10.0% | 361.48 |
| Add Contractors Profit @ 10.0% | 397.63 |
| Cost Index 38.24 %<br>യഥാർത്ഥത്തിൽ വേണ്ട തുക | 1742.31<br>(1672.61 ) |
| Total With Cost Index | 6116.32 |
| Say | 6116.32 |

ഡാറ്റ തയ്യാറാക്കിയതിലെ അപാകം കാരണം Cost index കണക്കാക്കിയതിൽ one cum ന് ₹ 69.72 വ്യത്യാസം വന്നിട്ടുണ്ട്. Cost for one cum, Overhead @10.0% , Contractors Profit @ 10.0% എന്നിവയുടെ 38.24% Cost index ₹1672.61 ആണ്. എന്നാൽ എല്ലാ പ്രവൃത്തികളും ഐറ്റം റേറ്റിലാണ് കരാർ നൽകിയിരിക്കുന്നത്. ഇവ 17 ശതമാനത്തോളം കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത് . ആയതിനാൽ പ്രത്യക്ഷത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല. എന്നിരുന്നാലും ഡാറ്റയിലുണ്ടായ തെറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

3.ഡാറ്റയിൽ ഉൾപ്പെട്ട ജോലി ചെയ്യാതെ പ്രസ്തുത ഇനത്തിന് തുക നൽകി .
സ്പെസിഫിക്കേഷൻ കോഡ് :od 10489 /2018-19 : Providing Concrete for plain/reinforced cement concrete in open foundations complete as per drawings and technical specifications Clause 802,803,1202 & 1203 III. P.C.C grade M 20 (1) Nominal Mix 1:2:4 പ്രകാരം FormWork ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ formWork ചെയ്യാതെ നടത്തിയ പ്രവൃത്തിക്കും കരാർ പ്രകാരമുള്ള തുക നൽകിയിട്ടുണ്ട്. ഉദാ:- പെരുമ്പുന്ന സ്കൂൾ കുന്നമ്മൽ റോഡ് കോൺക്രീറ്റിംഗ് -

പ്രോജക്ട് നമ്പർ : 65/19- പെരുമ്പുന്ന സ്കൂൾ കുന്നമ്മൽ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ : ₹5,30,000 - സംരംക്ഷണ ഗ്രാന്റ് – റോഡിതരം

: ₹30,000 – തനത് ഫണ്ട്

ആകെ : ₹ 5,60,000

ചെലവ് : ₹425488 - ബിൽ നം . 19/18-19 dtd 14-11-2018

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ (EST No.2018/24113) ഇനം 4 ഫോം വർക്ക് ഉൾപ്പെട്ട ഡാറ്റയനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സൈറ്റ് പരിശോധിച്ചതിൽ റോഡിന്റെ നിലവിലുള്ള വീതി മുഴുവനായും കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ ഇനം 4 ചെയ്തിരിക്കുന്നത് ഫോം വർക്ക് ഉൾപ്പെടാതെയാണെന്നും ബോധ്യപ്പെട്ടുകയുണ്ടായി. ആയതിനാൽ ചെലവ് തുക ₹425488 തടസ്സപ്പെടുത്തുന്നു. ഇത്തരത്തിലാണോ മറ്റ് റോഡുകളും ചെയ്തിരിക്കുന്നത് എന്ന് ഭരണസമിതി പരിശോധിക്കേണ്ടതാണ്. കൂടാതെ ഈ റോഡിന്റെ ചിലഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/19-03-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 വയറിംഗ് പ്രവൃത്തി പൂർത്തിയായ കെട്ടിടങ്ങൾക്ക് - വൈദ്യുതി കണക്ഷൻ ലഭിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1. പ്രോജക്ട് : 25/19- കുണ്ടേൻകാവ് സാസ്കാരിക നിലയം വയറിംഗ്

അടങ്കൽ : ₹50,000 സംരംക്ഷണ ഗ്രാന്റ് – റോഡിതരം

: ₹15000 തനത് ഫണ്ട്

ആകെ : ₹65000

ചെലവ് : 64773 - ചെക്ക് നം 001003 dtd 26-03-2019

2. പ്രോജക്ട് : 24/19- വളയങ്ങാട് തുടർ വിദ്യാകേന്ദ്രം വയറിംഗ്

അടങ്കൽ : ₹50,000 സംരംക്ഷണ ഗ്രാന്റ് - റോഡിതരം

: ₹15000 തനത് ഫണ്ട്

ആകെ : ₹65000

ചെലവ് : ₹64737 - ചെക്ക് നം 001003 dtd 26-03-2019

3. പ്രോജക്ട് : 26/19- കാക്കേനി കോളനി സാസ്കാരിക നിലയം വയറിംഗ്

അടങ്കൽ : ₹76,000ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് :₹75649 -ബിൽ നം. 32/18-19 dtd 21-03-2019

മേൽ പ്രവൃത്തികൾ 2019 മാർച്ച് മാസം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/17.03.20) മറുപടി നൽകിയത്. കണക്ഷൻ ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 പൂക്കാലം വരവായ് - പുഷ്പകൃഷി ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതും ,നിലമൊരുക്കലിന് തനതു ഫണ്ടിൽ നിന്നും തുകചെലവഴിച്ചതും - ₹99,720 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് | പൂക്കാലം വരവായ് - പുഷ്പകൃഷി |
| പ്രോജക്ട് നം | 54 /19 |
| അടങ്കൽ | 77,500 (വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം )<br>15000 – ഗുണഭോക്തൃ വിഹിതം നേരിട്ട്<br>12500 – ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത് |
| ചെലവ് | 77,500(വികസന ഫണ്ട്- |

| | |
|---|---|
| | പൊതുവിഭാഗം -സാധാരണ വിഹിതം )<br>12,500 ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ ഒടുക്കുന്നത്<br>15,000 ഗുണഭോക്തൃ വിഹിതം -നേരിട്ട് |
| ബിൽ നം/ ചെക്ക് നം തീയതി | 2/24.11.2018 - 77,500<br>00193/തീയതി 2.2.2019 -12,500 |

4 കുടുംബ ശ്രീ യൂണിറ്റുകൾക്ക് - 25സെന്റ് വീതം ഒരേക്കർ സ്ഥലത്ത് ചെണ്ടുമല്ലി, വാടാമല്ലി പൂവ് കൃഷി ചെയ്യുന്നതിന്, വിത്ത്, വളം എന്നിവ നൽകിയതിന് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം 22/2018/ത സ്വ ഭ വ തീയതി 14.2.2018 ക്രമ നം 5 ൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും, തുകയും തീരുമാനിക്കേണ്ടതാണെന്നും, കുറിപ്പ് 1 ൽ പാട്ടകൃഷി ആണെങ്കിൽ സ്ഥലയുടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി സ്ക് (നം - 25 തീയതി - 19.3.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല അതിനാൽ തുക ₹ 90,000 തടസ്സപ്പെടുത്തുന്നു

വൗച്ചർ നം.21800339 തീയതി 26-07-2018 പ്രകാരം ₹9720 പൂക്കാലം വരവായി എന്ന പ്രോജക്ടിനായി സ്ഥലം ഒരുക്കുന്നതിനായി ജെ.സി.ബി വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ജെ.എൽ.ജി ഗ്രൂപ്പുകൾക്കായി കൃഷി ഓഫീസർ നടപ്പിലാക്കുന്ന പ്രോജക്ടാണ് (54/19). പതിമൂന്നാം പഞ്ചത്സര പദ്ധതിയുടെ സബ്സിഡി മാർഗ രേഖ സ.ഉ(കൈ) നം. 22/2018/തസ്വഭവ .തീയതി 14-02-2018 ഉത്തരവ് ഖണ്ഡിക 6.1.25,26 പ്രകാരം പുഷ്പ കൃഷിക്ക് നിലമൊരുക്കുന്നതിന് തുക അനുവദിക്കാൻ വ്യവസ്ഥയില്ല. കൂടാതെ പ്രോജക്ടിൽ ഉൾപ്പെടുത്താതെയാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചത്. ആയതിനാൽ ചെലവ് തുക ₹ 9720 തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 പാടശേഖരസമിതിയ്ക്ക് ഫാം മെഷീനറി ബാങ്ക്-യന്ത്രങ്ങളുടെ പരിപാലനത്തിന്റെ രേഖകൾ ഹാജാക്കിയിട്ടില്ല . 2,29,689/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ട് | വളയങ്ങാട് പാടശേഖരത്തിന് ഫാം മെഷീനറി ബാങ്ക് |
| പ്രോജക്ട് നം | 47/19 |
| | |

| | |
|---|---|
| അടങ്കൽ | 1,34,000 (വികസന ഫണ്ട്- പൊതു വിഭാഗം )<br><br>8,00,000 (കേന്ദ്രാവിഷ്കൃത വിഹിതം )<br><br>1,03,800 (മറ്റുള്ളവ) |
| ചെലവ് | 1,34,000<br><br>95,689 |
| ബിൽ /ചെക്ക് നം തീയതി | 1,34,000 (ബിൽ നം6/ തീയതി23.3.2019)<br><br>95,689 (ചെക്ക് നം 21801245 തീയതി 30.3.2019) |

സെൻട്രൽ സെക്ടർ സ്കീം- സ്മാം (Sub Mission on Agricultural Mechanisation (SMAM) - പദ്ധതി പ്രകാരം ഫാം മെഷീനറി ബാങ്കിനു വേണ്ടി ട്രാക്ടർ, കുറ്റിപമ്പ്, കളപറിയന്ത്രം, കാടുവെട്ടിയന്ത്രം, എന്നിവ വാങ്ങിക്കുന്നതിന് 80% കേന്ദ്രാവിഷ്കൃത വിഹിതം, സംസ്ഥാന വിഹിതം 10%, ഗുണഭോക്തൃവിഹിതം 10% വച്ച് ഉപകരണങ്ങൾ വാങ്ങി വളയങ്ങാട് പാടശേഖരസമിതിയ്ക്ക് നൽകിയിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുമാണ് ഉപകരണങ്ങൾ ലഭ്യമാക്കിയത്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് ഇൻവോയിസ് നംk-271/2018-19 തീയതി 19.3.2019 പ്രകാരം ആകെ ബിൽ തുക 9,98,889 രൂപയാണ്.

പർച്ചേയിസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുകയോ, മറുപടി (ഓഡിറ്റ് എൻക്വയറി-നം28തീയതി19.3.2020 ) ലഭ്യമാക്കുകയോ ചെയ്തിട്ടില്ല

1.ഉപകരണങ്ങൾ വാങ്ങിച്ചത് എപ്രകാരമാണ് . ഇ ടെണ്ടർ ആണെങ്കിൽ,ലഭിച്ച ടെണ്ടർ ഫീസ്

2.കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിച്ച തുകയുടേയും , ചെലവഴിച്ചതിന്റേയും വിവരങ്ങൾ

3. കാർഷിക ഉപകരണങ്ങളുടെ ഗ്യാരണ്ടി, ഉപകരണങ്ങൾക്ക് ഉത്തരവാദപ്പെട്ട അധികാരിയിൽ നിന്ന് വാങ്ങിച്ച ടെസ്റ്റ് റിപ്പോർട്ട്. ട്രാക്ടർ ലോഗ് ബുക്ക് , ട്രാക്ടറിന് രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല

4-പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-6-1 – കുറിപ്പ് ക്രമ നം 2-ൽ യന്ത്രങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി സമിതി രൂപീകരിയ്ക്കണമെന്നും, സമിതിയുടെ ചെയർപെഴ്സൺ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും, കൺവീനർ ബന്ധപ്പെട്ട കൃഷി ഓഫീസറും ആയിരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

5-യന്ത്രോപകരണങ്ങൾ സമിതി മുഖേനയോ, നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുമ്പോൾ വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട് . ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

6.ഉപകരണങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 2,29,689/- രൂപ തടസ്സപ്പെടുത്തുന്നു

# 1-32 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് എടുത്തതിൽ കുറവ് -2,200 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 43/19 |
| അടങ്കൽ | 98,000<br>(വികസന ഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് | 98,000 (വികസന ഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം ) |
| ബിൽ നം തീയതി | 5 /11.2.2019 |

മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ ന്യൂ ഫാർമ ഫാർമസ്യൂട്ടിക്കൽസ്, ഇരിട്ടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയിസ് നം 3116തീയതി 16.11.2018 ൽ ക്രമ നം 16 ആയി DELTOX 1 Litre-10 എണ്ണം ലഭ്യമാക്കിയിട്ടുണ്ട് . ആകെ വില - 5,499.98 രൂപ . എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 84 ൽ 6 എണ്ണം മാത്രമേ ചേർത്തിട്ടുള്ളൂ. 4 എണ്ണം സ്റ്റോക്കിൽ ചേർത്തിട്ടില്ല . 6 എണ്ണം ചേർത്ത് 6 എണ്ണം ഇഷ്യു ചെയ്ത് നീക്കിയിരിപ്പ് 0 എന്നാണ് ഉണ്ടായിരുന്നത്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയപ്പോൾ 6 എണ്ണത്തിനെ തിരുത്തി 10 എണ്ണമാക്കി എഴുതി നീക്കിയിരിപ്പ് 4 ആയി മാറ്റി. ഈ നടപടി ശരിയല്ലാത്തതിനാൽ അധികമായി നൽകിയ 2,200 രൂപ തടസ്സപ്പെടുത്തുന്നു. നോട്ടപ്പിശകാണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയത് (നം -22 തീയതി 18.3.2020)

# 1-33 മുട്ടക്കോഴി വിതരണം കോഴിക്കൂടിന് ജില്ലാതലത്തിൽ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക നൽകി- 32,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | മുട്ടക്കോഴി വിതരണം |
| പ്രോജക്ട് നം | 35/19 |
| അടങ്കൽ | 2,56,000(വികസനഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം )<br><br>2,56,000 (ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത് ) |
| ചെലവ് | 2,56,000(വികസന ഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം )<br><br>32,000 ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത് |
| ബിൽ നം തീയതി | ബിൽ നം 1/15.12.2018 - 2,56,000<br><br>(ചെക്ക് നം 1149753 തീയതി 26.12.2018 - 32000/- രൂപ |
| ഡി പി സി അംഗീകരിച്ച നം & തീയതി | 360/2018 തീയതി 31.3.3018 |
| പ്രോജക്ട് വെറ്റ് ചെയ്ത തീരുമാനം നം & തീയതി | 31/2018-19 തീയതി 12.6.2018 |

45 -60 ദിവസം പ്രായമുള്ള മുട്ടക്കോഴികളെ ഡിപ്പാർട്ട്മെന്റ് അംഗീകാരമുള്ള എഗ്ഗർ നഴസറിയിൽ നിന്നും നേരിട്ട് വാങ്ങി ഒരാൾക്ക് 10 കോഴികളെ വീതം വിതരണം ചെയ്യുന്ന പദ്ധതിയിൽ ആകെ 64 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . അതോടൊപ്പം ശാസ്ത്രീയമായി ഹൈഡെൻസിറ്റിഫ്രെയിം ഉപയോഗിച്ചുള്ള കൂട് ഗുണഭോക്താക്കൾ സ്വയം നിർമ്മിക്കണം . എൽ എസ് ജിഡി എഞ്ചിനിയർ/ഓവർസിയർ നൽകുന്ന കൂടിന്റെ വാല്യേഷൻ അടിസ്ഥാനത്തിൽ 50 %സബ്സിഡി (64*3500=2,24,000) നൽകുന്ന വിധത്തിലാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് .

അംഗീകൃതഎഗ്ഗർ നഴസറിയായ 'കാരുണ്യ എഗ്ഗർ നർസറി,കീഴ്പള്ളി, പായ' ത്തിൽ നിന്നും 100 രൂപ നിരക്കിൽ 640 കോഴികുഞ്ഞുങ്ങളെ വാങ്ങിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 10 എണ്ണം വീതം 64 ഗുണഭോക്താക്കൾക്ക് യൂണിറ്റ് വില 1000 (സബ്സിഡി 500+ ഗുണഭോക്തൃവിഹിതം 500 ) ആകെ 1000*64=64,000 (സബ്സിഡി 32,000/- രൂപ) എഗ്ഗർ നഴസറി ഉടമസ്ഥന് നൽകിയിട്ടുണ്ട്.

കോഴിക്കൂട് വിതരണത്തിനായി ഹബീബ് ,ലൈവ് പൗൾട്രി& എക്യൂപ്മെന്റ് എന്ന സ്ഥാപനത്തിൽ നിന്നും 64 കോഴിക്കൂട് വിതരണം ചെയ്ത വകയിൽ നിന്നും (ഇൻവോയിസ് നം 11 തീയതി 13.11.2018) - 64 @ 7,000 = 4,48,000 (സബ്സിഡി -2,24,000) നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം 22/2018/ ത സ്വ ഭ വ തീയതി 14.2.2018 ഖ.6.2 .7 പ്രകാരം കോഴിക്കൂട് സബ്സിഡി നിരക്ക് 25%എന്നത്, സർക്കാർ ഉത്തരവ് 1582/2018 / ത സ്വ ഭ വ തീയതി 11.6.2018 പ്രകാരം 50% ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ -ഓർഡിനേഷൻ കമ്മിറ്റിയുടെ 27.9.2018 ൽ കൂടിയ യോഗ തീരുമാനം നമ്പർ 3.10 പ്രകാരം സബ്സിഡി 50% വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായത് വീണ്ടും സർക്കാർ ഉത്തരവ് 2638/2018 ത സ്വ ഭ വ തീയതി 15.10 .2018 ൽ 25% ത്തിലേയ്ക്ക് പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പരിഗണിയ്ക്കാതെ മേൽ പ്രോജക്ടിൽ 50% സബ്സിഡി നൽകിയിട്ടുണ്ട് . സർക്കാർ ഉത്തരവ് 1582/2018 / ത സ്വ ഭ വ തീയതി 11.6.2018 പ്രകാരമാണ് 50% നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം - 23തീയതി - 18.3.2020) മറുപടി നൽകിയത് .

2.കോഴിക്കൂടിന് ജില്ലാതലത്തിൽ നിശ്ചയിച്ച നിരക്ക് ₹ 6,000 ആണ്. എന്നാൽ 7,000 രൂപ നിരക്കിലാണ് സബ്സിഡി നൽകിയത്. ഈയിനത്തിൽ 64*3000=1,92,000 മാത്രമാണ് അനുവദനീയമായത്. 2,24,000-1,92,000 =32,000 അധികം നൽകിയിട്ടുണ്ട്. ജില്ലാ മൃഗ സംരക്ഷണ വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ 2/3/2018 ന് ചേർന്ന യോഗ നടപടി പ്രകാരം 2018-19 വർഷത്തിൽ, 10 കോഴിക്കുള്ള കൂടിന് യൂണിറ്റ് കോസ്റ്റ് 7,000 ആണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. എന്നാൽ ഇതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ 32,000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

# 1-34 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകൾ ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്ട് നം | 15 /19 |
| അടങ്കൽ | 4,00,000 (വികസന ഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം )<br>4,00,000 (നേരിട്ട്) |
| ചെലവ് | 4,00,000 (വികസന ഫണ്ട്- പൊതുവിഭാഗം -സാധാരണ വിഹിതം ) |
| ബിൽ നം തീയതി | ബിൽ നം 4/21.1.2019 - 4,00,000 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 4,00,000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ , സ്പെഷൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂർ ന് നൽകിയിട്ടുണ്ട് . പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. പദ്ധതിയുടെ ഭാഗമായി ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതിന്റെ വിവരം രേഖപ്പെടുത്തുന്ന കാലിത്തീറ്റ വിതരണ രജിസ്റ്റർ, പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല

2- ഈ പദ്ധതിയിൽ നിന്നും കൊഴിഞ്ഞുപോയവരുടേയും അവർക്ക് നൽകിയ സബ്സിഡി തിരികെ ഈടാക്കിയതിന്റേയും വിവരം ലഭ്യമാക്കിയിട്ടില്ല .
പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രമേ കൊഴിഞ്ഞുപോയവരുടെ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം - 24 തീയതി 18.3.2020) മറുപടി ലഭ്യമാക്കിയത്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

# 1-35 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - 29440/- രൂപ തടസ്സത്തിൽവെക്കുന്നു

/ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വയോജനങ്ങൾക്കുവേണ്ടി 2018-19വർഷം കട്ടിൽ വിതരണത്തിനായി പദ്ധതി രൂപീകരിച്ച് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| ക്രമ നമ്പർ 1 | പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക്കട്ടിൽ പട്ടികവർഗ്ഗം |
| | പ്രോജക്റ്റ് നം | 7/18-19 |
| | അടങ്കൽ | 43500/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| | ചെലവ് | 40480/- |
| | ബിൽനം | 010/18-19 .31.12.18 |
| ക്രമ നമ്പർ 2 | പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക്കട്ടിൽ പട്ടികജാതി |
| | പ്രോജക്റ്റ് നം | 13/18-19 |
| | അടങ്കൽ | 18400/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| | ചെലവ് | 18400/- |
| | ബിൽനം | 15/18-19 .21.3.2019 |

ക്രമ നം 1 ലെ പദ്ധതിക്ക് വികസനഫണ്ട് ടി.എസ്.പി അക്കൗണ്ടിൽ നിന്ന് 31.12.2019 ൽ 40480 രൂപ പിൻവലിച്ച് റെയ്ഡ്കോ ഇരിട്ടി (ക്യാഷ് ബിൽനം IRY/1237/18-19.19.2.2018)എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 11 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഒരു കട്ടിലിന് 3680/-രൂപ എന്ന നിരക്കിൽ (3680X11=40480/-)വിതരണം ചെയ്യുന്നതിനാണ് തുക നൽകിയത് .

ക്രമ നം 2 ലെ പദ്ധതിക്ക് വികസനഫണ്ട് എസ്.സി.പി അക്കൗണ്ടിൽ നിന്ന് 18400/-രൂപ 21.3.2019ന് പിൻവലിച്ച് റെയ്ഡ്കോ ഇരിട്ടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ക്യാഷ് ബിൽനം IRY/1719/18-19..21.3.2019) 5 ഗുണഭോക്താക്കൾക്ക് ഒരുകട്ടിലിന് 3680/-രൂപ നിരക്കിൽ വിതരണത്തിനുവേണ്ടിയാണ് തുക നൽകിയത്

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

ക്രമ നം 1 ലെ പദ്ധതിക്ക് 11 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 3 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1.പൈക്ക എടപ്പാറകോളനി,

2.രാധഗോവിന്ദൻഅമ്പലക്കുഴികോളനി,

3.നുറുങ്ങി കളകുടുമ്പ് കോളനി

ക്രമ നം 2ലെ പദ്ധതിക്ക് താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയതെങ്കിലും ഈ 5 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. പാർവതി ഗംഗാധരൻ, പേരാവൂർ

2.ഓമന, നടുവിലക്കണ്ടി

3. കെ.കെ ജാനകി, പുതുപ്പറമ്പിൽ,മേൽമുരിങ്ങോടി

4. കനകവല്ലി, കുനിത്തലപേരാവൂർ

5. എം.വി പ്രേമവല്ലി, സൗപർണ്ണിക പേരാവൂർ

അപാകതകൾക്ക് 17.3.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17.03.2020) അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള മറുപടി ലഭ്യമാക്കാത്തതിനാൽ 29440/- രൂപ തടസ്സത്തിൽവെക്കുന്നു

## 1-36 കുടുംബശ്രീ യൂനിറ്റുകൾക്ക് ഹെൽപ് ഡെസ്ക് തുടങ്ങാൻധനസഹായം നൽകൽ - സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ചെലവ് തുക 1,00,000 /- രൂപ തടസ്സത്തിൽവെക്കുന്നു

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂനിറ്റുകൾക്ക് ഹെൽപ് ഡെസ്ക് തുടങ്ങാൻ ധനസഹായം നൽകൽ എന്ന പദ്ധതി രൂപീകരിച്ച് വികസനഫണ്ടിൽ നിന്ന് 1,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ യൂനിറ്റുകൾക്ക് ഹെൽപ് ഡെസ്ക് തുടങ്ങാൻ |

| | |
|---|---|
| | ധനസഹായം നൽകൽ - |
| പ്രോജക്റ്റ് നം | 44/18-19 |
| അടങ്കൽ | 2,00,000/- (1,00,000 /-- വികസനഫണ്ട് )<br><br>(1,00,000/-ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ-ഗുണഭോക്താക്കൾ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ചെലവ് | 1,00,000/-വികസനഫണ്ട് |
| ബിൽനം | 14/18-19 .21.3.2019 |

പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സേവന കുടുംബശ്രീ എന്ന ഗ്രൂപ്പിനെ തെരഞ്ഞെടുക്കുകയും ഹെൽപ് ഡെസ്ക് എന്ന സംരംഭം തുടങ്ങുന്നതിനായി വികസനഫണ്ടിൽ നിന്ന് 1,00,000/-രൂപ പ്രസ്തുത ഗ്രൂപ്പിന്റെ ഗ്രാമീൺബാങ്ക് പേരാവൂരിലുള്ള 4059101040980 എന്ന അക്കൗണ്ട് നമ്പറിൽ നൽകുകയും ചെയ്തിട്ടുണ്ട് . പദ്ധതിയുടെ നടത്തിപ്പിനായി സേവന കുടുബശ്രീ യൂനിറ്റ് പഞ്ചായത്തിലെ കുടുംബശ്രീയുടെ സി.ഡി.എസിന്റെ പേരിലുള്ള പേരാവൂർ പഞ്ചായത്ത് വനിതാ കോ-ഓപ്പറേറ്റീവ് സി.ഇ.എഫ് അക്കൗണ്ടിൽ നിന്ന് 1.2.2019ൽ (അക്കൗണ്ട്നം 6234) 1,50,000/- രൂപ പിൻവലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. സർക്കാർ ഉത്തരവ് (കൈ) /2018 / തസ്വഭവ തിരുവനന്തപുരം 14.2.2018 ഖണ്ഡിക നം 6.4 അനുസരിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സബ്സിഡി നൽകുന്നതിന്റെ പ്രോജക്റ്റ് വായ്പാബന്ധിതമായണ് നടപ്പിലാക്കേണ്ടത് . കൂടാതെ സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി നൽകുകയും വേണം.

എന്നാൽ a) സേവന ഗ്രൂപ്പ് ബാങ്കിൽ നിന്ന് സംരംഭം തുടങ്ങുന്നതിന് വായ്പ എടുത്തിട്ടില്ല. ഇതിനുപകരമായി സേവന ഗ്രൂപ്പ് ഗ്രാമീൺബാങ്കിന്റെ പേരാവൂർശാഖയിൽ ഒരു അക്കൗണ്ട് തുടങ്ങുകയും ആ അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക നൽകുകയുമാണുണ്ടായത് .

b) കുടുംബശ്രീയുടെ സി.ഡി.എസിന്റെ പേരിലുള്ള പേരാവൂർ പഞ്ചായത്ത് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സി.ഇ.എഫ് അക്കൗണ്ടിൽ നിന്ന് 1.2.2019ൽ (അക്കൗണ്ട്നം 6234) 1,50,000/- രൂപ സേവനാ ഗ്രൂപ്പിന് അനുവദിച്ചിട്ടുണ്ട് . കുടുബശ്രീ സി.ഡി.എസ് സേവനാ ഗ്രൂപ്പിന് വായ്പ എന്ന നിലയിലാണ് തുക നൽകിയതെങ്കിൽ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് വായ്പ അനുവദിച്ച രേഖകൾ , തിരിച്ചടവ്തുക വായ്പയിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ , പലിശനിരക്ക് എന്നിവയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2 . കൂടാതെ മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്കാണ് സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളത്. എന്നാൽ

ഗ്രൂപ്പ് രൂപീകരണം, ഗ്രൂപ്പിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ ഗ്രൂപ്പ് യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സേവന ഗ്രൂപ്പ് ആരംഭിച്ച "ഹെൽപ് ഡെസ്ക് "എന്ന സംരംഭം എപ്പോൾ സ്ഥാപിതമായി, എവിടെ സ്ഥാപിച്ചു , രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ എന്നിവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരം രേഖകൾ ഇല്ലാതെ വികസനഫണ്ടിൽ നിന്ന് എങ്ങിനെയാണ് സബ്സിഡിയായി 1,00,000/-രൂപ സേവന ഗ്രൂപ്പിന്റെ ഗ്രാമീൺബാങ്കിന്റെ അക്കൗണ്ടിൽ നൽകിയത് എന്നത് സംബന്ധിച്ച് 17.3.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം .20/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-37 ലൈഫ് മിഷൻ - പൂർത്തീകരിക്കാത്ത ഭവനങ്ങൾ (ജനറൽ)- ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

2010-11 വർഷത്തെ ഇ,എം.എസ് ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ. പത്മനാഭൻ.കെ വടക്കേക്കരമ്മൽ ഹൗസ്, മണത്തണ എന്നവരെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ലൈഫ് ഭവന പദ്ധതിയായ പൂർത്തീകരിക്കാത്ത ഭവനങ്ങൾ (ജനറൽ) എന്നതിൽ 2017-18 വർഷം ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുണ്ട് .

ശ്രീ. പത്മനാഭൻ .കെ വടക്കേക്കരമ്മൽ ഹൗസ്, മണത്തണ എന്നയാൾക്ക് ഇ.എം.എസ് ഭവന പദ്ധതിയിൽ നിന്ന് 52,500/- രൂപയും (ചെക്ക് നം 0005/4.6.2011 22500/-രൂപ, 00032 20.7.2011 -30000/- രൂപ) ലൈഫ് ഭവന പദ്ധതിയിൽ നിന്ന് 60,000/-രൂപയും ( ബിൽ നം 28/14.2.2018 ) ചേർത്ത് ആകെ 1,12,500/-രൂപ നാളിതുവരെയായി നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ ഇതുവരെയായി വീടിന്റെ തറ നിർമ്മാണജോലി ഭാഗികമായി ചെയ്തതുമാത്രമാണ് ടിയാന്റെ ഭവന നിർമ്മാണ ഫയലിൽ സൂക്ഷിച്ച ഫോട്ടോയിൽ നിന്ന് വ്യക്തമാവുന്നത്. ഭവന നിർമ്മാണത്തിന്റെ രണ്ടാം ഗഡു അനുവദിക്കുന്നതിനാവശ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റ്, ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ നൽകിയ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഭവനനിർമ്മാണം ആരംഭിച്ച് 8 വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം നാളിതുവരെയായി പൂർത്തികരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് 13.3.2020 നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം.12/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല

# 1-38 വീട് വാസയോഗ്യമാക്കൽ, പട്ടിക വർഗ്ഗം - എൽ.എസ്.ജി.ഡിഎഞ്ചിനീയർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നില്ല - ഗുണഭോക്താവിന് മുൻകൂറായി അധിക തുക നൽകുന്നു

പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പട്ടിക |

| | |
|---|---|
| | വർഗ്ഗം |
| പ്രോജക്റ്റ് നം | 9/2019 |
| അടങ്കൽ | ₹12,00,000/-വികസനഫണ്ട്, ടി.എസ്.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് | ₹8,25,000/- |
| ബിൽനം | 17/18-19-15.12.2018 -2,25,000/-<br>20/18-19-15.1.2019-2,25,000/-<br>21/18-19-25.1.2019- 1,50,000/-<br>22/18-19-11.2.2019- 75,000/-<br>26/18-19-13.3.2019- 75,000/-<br>27/18-19-15.3.2019- 75,000/- |

മുകളിൽ പട്ടികയിൽ കാണിച്ചതുപ്രകാരം വികസനഫണ്ട് ടി.എസ്.പി യിൽനിന്ന് 8,25,000/- രൂപ പിൻവലിച്ച് താഴെ പറയുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കാൻ നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | വാസയോഗ്യമാക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി.കമല രാഘവൻ | 75,000/- | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 2 | ശ്രീമതി നറുങ്ങി | 1,50,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ശ്രീമതി കമല | 1,50,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ശ്രീമതി തങ്കമണി | 1,50,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ശ്രീമതി ഇന്ദിര | 75,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ശ്രീമതി സീത | 75,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | ശ്രീമതി ഗിരിജ | 75,000/- | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 8 | ശ്രീമതി വെള്ളച്ചി | 75,000/- | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. സ,ഉ (കൈ)നം22 /2018/തസ്വഭവ തിരുവനന്തപുരം തീയ്യതി14.2.2018 ഖണ്ഡിക 6.7ക്രമനം 6 അനുസരിച്ച് വാസയോഗ്യമല്ലാത്തവീടുകൾ വാസയോഗ്യമാക്കാൻ പട്ടിക വർഗ്ഗവിഭാഗത്തിന് 1,50,000/-രൂപ വരെ സബ്സിഡി നൽകാവുന്നതാണ് . സബ്സിഡി ലഭിക്കുന്നതിനായി പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കേണ്ടതും എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സബ്സിഡി തുക നിശ്ചയിക്കേണ്ടതുമാണ്. സബ്സിഡി തുകയുടെ 50% ഗുണഭോക്താവിന് മുൻകൂറായി നൽകാവുന്നതുമാണ്.

എന്നാൽ മുകളിൽ പട്ടികയിൽ കാണിച്ച 8 ഗുണഭോക്താക്കൾക്കും മുൻകൂർ നൽകിയത് എൽ.എസ്.ജി.ഡി എഞ്ചിനീയർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിക്കാതെയാണ് .

കൂടാതെ ക്രമ നം 5 ലെ ഗുണഭോക്താവായ ശ്രീമതി ഇന്ദിരയുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് ആകെ ചെലവായത് 1,19,000/- രൂപയാണ് . എന്നാൽ പ്രവൃത്തി തുടങ്ങുന്നതിന് മുൻകൂറായി 75,000/-രൂപ നൽകിയിട്ടുണ്ട് . സബ്സിഡി നിശ്ചയിച്ച സർക്കാർ ഉത്തരവ് പ്രകാരം ആകെ പ്രവൃത്തിയുടെ 50% മാത്രമേ മുൻകൂർ നൽകാവൂ എന്നിരിക്കെ 63% തുക മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല. ക്രമനം 6-ലെ ഗുണഭോക്താവായ ശ്രീമതി സീതയുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് ആകെ ചെലവായത് 1,44,832/-രൂപയാണ് എന്നാൽ പ്രവൃത്തി തുടങ്ങുന്നതിന് മുൻകൂറായി 75,000/-രൂപ നൽകിയിട്ടുണ്ട്. ശ്രീമതി സീതയ്ക്കും മുൻകൂർ തുക അധികമായാണ് നൽകിയത് . പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എഞ്ചിനീയർ പരിശോധിക്കാതെ തുക അധികം നൽകിയത് ക്രമപ്രകാരമല്ല.

2. ക്രമ നം 1,7,8 എന്നിവയിലെ ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ട് നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് 13.3.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/2018-19 ന് മറുപടി ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-39 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി 3,988 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ജനറൽ- 3,670 ,പട്ടികജാതി - 41 ,പട്ടികവർഗ്ഗം -277) .തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ 1,882 മാത്രമാണ് . 372 പ്രവൃത്തികൾ തുടങ്ങിയതിൽ, 324 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിനായി 1,00,992 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 513 പേർ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ സോഷ്യൽ ഓഡിറ്റ് പൂർത്തീയായിട്ടില്ല

# 1-40 തുല്യത പഠന പരിശീലനത്തിൽ തുടർ വിദ്യാഭ്യാസ കലോത്സവം നടത്തി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 29,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് | ഏഴാം തരം, പത്താം തരം പ്ലസ് ടു തുല്യത പഠനം |
| പ്രോജക്ട് നം | 19/19 |

| | |
|---|---|
| അടങ്കൽ | 1,64,100 (വികസന ഫണ്ട്-പൊതുവിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് | 1,59,500 |
| ബിൽ നം തീയതി | 8/27.3.2019 |

ഏഴാം തരം ,പത്താം തരം പ്ലസ് ടു തുല്യത പഠനത്തിനായി പരിശീലനം, പാഠപുസ്തക വാങ്ങൽ, തുടർ വിദ്യാഭ്യാസ കലോത്സവം എന്നീ ഇനങ്ങളിലായി 1,59,500 നൽകിയിട്ടുണ്ട്.

പരിശീലനം - 36,000

തുടർ വിദ്യാഭ്യാസ കലോത്സവം- 29,000

രജിസ്ട്രേഷൻ ഫീസ് ,കോഴ്സ് ഫീസ് ,പഠിതാക്കളുടെ ഫീസ്(17 ) -38,250

രജിസ്ട്രേഷൻ ഫീസ് ,കോഴ്സ് ഫീസ് ,പഠിതാക്കളുടെ ഫീസ്(6 ) - 11,700

രജിസ്ട്രേഷൻ ഫീസ് ,കോഴ്സ് ഫീസ് ,പഠിതാക്കളുടെ ഫീസ്(23 ) - 42,550

പാഠപുസ്തകം -2,000

